**സബ്മിഷൻ**

ശ്രീ. വി. ശിവൻ കുട്ടി : സർ, ഞാനൊരു സബ്മിഷന് നോട്ടീസ് കൊടുത്തിരുന്നു.

മി. ചെയർമാൻ : സബ്മിഷന് അങ്ങ് നോട്ടീസ് നൽകിയത് ചെയർ അനുവദിച്ചിട്ടില്ല. കാരണം അത് വിദ്യാഭ്യാസവകുപ്പുമായി ബന്ധപ്പെട്ട വിഷയമാണ്. ഇന്ന് വിദ്യാഭ്യാസ വകുപ്പിന്റെ ധനാഭ്യർത്ഥനയുടെ ചർച്ചയുള്ളതുകൊണ്ട് ആ സമയത്ത് അങ്ങേയ്ക്ക് ഉന്നയിക്കാവുന്നതാണ്. അതുകൊണ്ട് ദയവായി അങ്ങ് ഈ വിഷയം ചർച്ചയിൽമാത്രം ഉന്നയിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ, അവസാന സബ്മിഷനായി അതിനുള്ള മറുപടി പറയാം.

മി. ചെയർമാൻ : അങ്ങ് സീറ്റിൽ ഇരിക്കൂ. ശ്രീ. വി. ശിവൻ കുട്ടി ഇത് ശരിയല്ല. അങ്ങ് ദയവ് ചെയ്ത് സീറ്റിലിരിക്കൂ. ദയവായി സീറ്റിലേക്ക് പോകൂ.

ശ്രീ. വി. ശിവൻകുട്ടി : സർ, അങ്ങ് റൂളിംഗ് നൽകണം.

മി. ചെയർമാൻ : അങ്ങ് സീറ്റിലേക്ക് പോകൂ. സീറ്റിൽനിന്ന് മാറി നിന്നാൽ റൂളിംഗ് നൽകാൻ സാധ്യമല്ല. അങ്ങ് സീറ്റിൽ പോയി ഇരിക്കണം. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയാൻ തയ്യാറാണ് എന്ന് അറിയിച്ചതിനെത്തുടർന്ന് ഈ സബ്മിഷൻ അവസാനമായി പരിഗണിക്കുന്നതാണ്.

## സമഗ്ര നിയമം

ശ്രീ. സി. ദിവാകരൻ : സർ, നമ്മുടെ മാതൃഭാഷയായ മലയാളം ഒന്നാം ഭാഷയായി പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷെ അതിനനുരോധമായ, സമഗ്രമായ ഒരു നിയമം കേരളത്തിലെ നിയമസഭ പാസ്സാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

ഇപ്പോൾ നമ്മുടെ നിയമസഭയുടെ മുന്നിൽ മലയാളഭാഷാ പ്രേമികളുടെ വലിയ ഒരു സത്യാഗ്രഹം നടക്കുകയാണ്. അതിൽ അവർ ഉന്നയിച്ചിരിക്കുന്നത്, 2013 മാർച്ച് മാസത്തിൽ ഈ ആവശ്യംതന്നെ ഉന്നയിച്ചുകൊണ്ട് കേരളത്തിലെ പ്രമുഖനായ സാഹിത്യകാരൻ കെ.പി. രാമനുണ്ണി നിരാഹാര സത്യാഗ്രഹം അനുഷ്ഠിച്ചു. അതിൽ ഇടപെട്ടുകൊണ്ട് അന്ന് ബഹുമാന്യരായ മുഖ്യമന്ത്രിയും സാംസ്കാരിക വകുപ്പുമന്ത്രിയും ഒ.എൻ.വി.സാറും കവയിത്രി സുഗതകുമാരി, സഭയിലെ അംഗങ്ങളായ ശ്രീ. സി. പി. മുഹമ്മദ്, ശ്രീ. പാലോട് രവി ഇവരെല്ലാംചേർന്ന് ഒത്തുത്തീർപ്പുണ്ടാക്കി. അടുത്തുകൂടുന്ന സഭാസമ്മേളനത്തിൽ പ്രസ്തുത നിയമം പാസ്സാക്കുമെന്നാണ് അവർക്ക് ഉറപ്പുകൊടുത്തിരുന്നത്. അവർ വളരെ ലളിതമായ കാര്യങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നത്. സർക്കാർ അതിൽനിന്നും പിന്തിരിയേണ്ട ഒരു കാര്യവുമില്ല. കാരണം ഈ ഭാഷ വ്യാപകമായും ക്ലാസ്സുകളിൽ പഠിപ്പിക്കണം; ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസുവരെ മലയാളം നിർബന്ധമാക്കണം; ഒന്നു മുതൽ എട്ടാം സ്റ്റാൻഡേർഡുവരെ മലയാളം പഠനമാധ്യമമാക്കണം; കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിൽ മലയാളം ഒരു പേപ്പർ ഉണ്ടാകണം; എല്ലാ സർവ്വകലാശാലകളിലും മലയാളവിഭാഗം ഉണ്ടാകണം; മലയാളഭാഷ വികസിപ്പിക്കാൻവേണ്ടി സെക്രട്ടറിയേറ്റിൽ പ്രത്യേകമായ ഒരു വകുപ്പുണ്ടാകണം. ഇതുപോലുള്ള വളരെ ചെറിയ കാര്യങ്ങളാണ് അവർ ആവശ്യപ്പെടുന്നത്. നമ്മുടെ ഗവൺമെന്റുകളുടെ ശ്രമഫലമായി ഇൻഡ്യാ ഗവൺമെന്റ് മലയാളഭാഷയെ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചു. ശ്രേഷ്ഠഭാഷയായി അംഗീകരിച്ച് കാലമിത്രയും കഴിഞ്ഞിട്ടും മലയാളഭാഷ വ്യാപകമായി ഭരണമേഖലകളിലും

കോടതികളിലും സർവ്വകലാശാലകളിലും ഉപയോഗിക്കുന്നില്ല. എന്തിനാണ് ഈ ഭാഷയെ ഇങ്ങനെ അപമാനിക്കുന്നത്?

കോടതി ഭാഷ പരിപൂർണ്ണമായും മലയാളമാക്കുമെന്നുപറഞ്ഞെങ്കിലും ഇതുവരേയും ആക്കിയിട്ടില്ല. അതുപോലെ ക്ലാസ്സുകളിൽ നിർബന്ധമായും മലയാളം പഠിപ്പിക്കണമെന്നുണ്ട്. എന്നാൽ പല സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മലയാള ഭാഷയില്ല. അപ്പോൾ മലയാളഭാഷ പഠിപ്പിക്കാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് ഭാഷയുടെ നേർക്കുള്ള ഏറ്റവും വലിയ കയ്യേറ്റമാണ്. നമ്മളെല്ലാം ഭാഷാപ്രേമികളാണ്. അതിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല. പക്ഷേ ഇപ്പോഴും ഈ ഭാഷ ഭരണരംഗത്തില്ല, വിദ്യാഭ്യാസ മാധ്യമ രംഗത്തില്ല. ഒരു രംഗത്തുമില്ല. കുറെ പാവപ്പെട്ട സാഹിത്യകാരന്മാർ മാത്രം മലയാളഭാഷയ്ക്കുവേണ്ടി സമരവും ബഹളവുമായി നടക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് ഒരു നിയമം പാസ്സാക്കണം. അതാണ് അവരുടെ ഡിമാന്റ്. ആ ലെജിസ്ലേഷന്റെ കരട് തയ്യാറായി എന്നാണ് അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന വിവരം. പക്ഷേ ചില പത്രങ്ങളിൽ, മാതൃഭൂമിയിൽ ഒരു വാർത്തയുണ്ടായിരുന്നു. സെക്രട്ടേറിയറ്റിലെ ഇന്നത്തെ കലാപങ്ങളുണ്ടാക്കുന്ന ഉദ്യോഗസ്ഥരുടെ അവഗണനകൊണ്ട് ഇത് എവിടെയോ കുരുങ്ങിക്കിടക്കുകയാണ്. ഇതിന്റെ കരടുബില്ല് നിയമവകുപ്പിൽ പോയിട്ടില്ല. കാണേണ്ടവർ കണ്ടിട്ടില്ല. അപ്പോൾ ഇനിയും സമയമെടുക്കും. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് അടിയന്തരമായ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അതുസംബന്ധിച്ച് ഉറപ്പുകൊടുത്തിട്ടുള്ളത്. നമ്മുടെ സാഹിത്യകാരന്മാരുടേയും നമ്മളെല്ലാവരുടേയും ആവശ്യമാണ്. ഇതിനുവേണ്ടി സമരം ചെയ്യുക എന്നുപറയുന്നത് വളരെ നിർഭാഗ്യകരമാണ്. മാതൃ

ഭാഷയായ മലയാളഭാഷ സാർവ്വത്രികമാക്കണമെന്നാവശ്യപ്പെടുന്ന നിയമം കൊണ്ടുവരാൻ മലയാളികളായ നമ്മൾ നിയമസഭയുടെ മുമ്പിൽ സത്യാഗ്രഹം അനുഷ്ഠിക്കേണ്ടിവരുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് സത്വരനടപടികൾ എടുക്കുന്നതിന് ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മലയാള ഭാഷയെ അർഹിക്കുന്ന അംഗീകാരത്തോടുകൂടിത്തന്നെ മുമ്പോട്ടുകൊണ്ടുപോകുന്നതിന് ഗവൺമെന്റ് എല്ലാ നടപടികളും എടുത്തിട്ടുണ്ട്. മലയാളഭാഷ ഒന്നാം ഭാഷയാക്കി, മലയാളഭാഷ സ്കൂളുകളിൽ നിർബന്ധിത ഭാഷയാക്കി, മലയാള യൂണിവേഴ്സിറ്റി തുടങ്ങി, മലയാളം കോടതിഭാഷയായി അംഗീകരിച്ച് അതിന്റെ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ ശ്രമങ്ങളാണ്. പക്ഷേ ശ്രേഷ്ഠഭാഷാ പദവി നൽകുന്നതിനുള്ള തീരുമാനം കമ്മിറ്റി തള്ളി. ആ സമയത്ത് കേന്ദ്ര മന്ത്രി ആയിരുന്ന ശ്രീ. എ. കെ. ആന്റണിയുടെ ഇടപെടൽ, പ്രധാനമന്ത്രി തന്നെ ഈ വിഷയത്തിൽ നേരിട്ട് ഇടപെടുകയും അവസാനം നമുക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിക്കുകയും ചെയ്തു. ഇതൊക്കെ മലയാളഭാഷയ്ക്കുള്ള അംഗീകാരവും അതിനോടുള്ള നമ്മുടെ പ്രതിബദ്ധതയും തെളിയിക്കുന്ന കാര്യങ്ങളാണ്. മലയാളഭാഷാ നിയമം ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചു. അതിന്റെ കരടുരൂപം തയ്യാറായിക്കഴിഞ്ഞു. വിവിധതലങ്ങളിലുള്ള പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. ക്യാബിനറ്റിൽ ചർച്ച ചെയ്തു കഴിഞ്ഞതാണ്. നിയമ വകുപ്പുകൂടി പരിശോധിച്ചുകഴിഞ്ഞാൽ അവസാന രൂപമാക്കി ഉടനെതന്നെ പ്രസിദ്ധീകരിക്കും. നമ്മുടെ പ്രശ്നം ഓർഡിനൻസു

കൾപോലും നിയമമാക്കാൻ നമുക്ക് സാധിക്കുന്നില്ല എന്നുള്ളതാണ്. അങ്ങ നെയൊരു സാഹചര്യത്തിലാണ് വന്നിട്ടുള്ളത്. നിശ്ചയമായും ഈ ഭാഷാ നിയമം പാസ്സാക്കുന്നതിനുവേണ്ടി പ്രതിപക്ഷത്തിന്റെ പൂർണ്ണമായ സഹക രണം കിട്ടുമെന്ന് എനിക്കുറപ്പുണ്ട്. അതിനുവേണ്ടി പരമാവധി ശ്രമിക്കു മെന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. നിങ്ങളുടെ സഹകരണം ഉണ്ടാകുകയും വേണം.

<u>പോലീസ് സ്റ്റേഷനായി ഉയർത്തൽ</u>

<u>ശ്രീ. സി. മോയിൻകുട്ടി:</u> സർ, ദേശീയ പാത – 212, വയനാട് ചുരത്തി ന്റേയും അതോടൊപ്പംതന്നെ നിരവധി ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങളുടേയും ഒരു ഇടത്താവളമാണ്. കോഴിക്കോട്–വയനാട്–മൈസൂർ–ബാംഗ്ലൂർ അന്തർ സംസ്ഥാന റോഡിലെ ഏറ്റവും പ്രധാനപ്പെട്ട ഇടത്താവളമാണ് അടിവാരം എന്നുപറയുന്ന എന്റെ മണ്ഡലത്തിലെ പുതുപ്പാടി പഞ്ചായത്തിലുള്ള ഈ പ്രദേശം. അവിടെ പതിനായിരത്തിലധികം വാഹനങ്ങളാണ് ഓരോ ദിവ സവും കടന്നുപോകുന്നത്. നിരന്തരമായി വാഹനാപകടങ്ങളുണ്ടാകുന്നു. ഗതാഗതക്കുരുക്ക് നേരിടുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വ ത്തിൽ ഒരു ബദൽ റോഡിനുവേണ്ടിയുള്ള ശ്രമം തുടരുകയുമാണ്. ഈയൊരു സാഹചര്യത്തിലാണ് നിരവധി ടൂറിസ്റ്റുകൾ കടന്നുവരുന്ന ഒരു പ്രദേശമെന്നനിലയിൽ അവിടെയൊരു പോലീസ് സ്റ്റേഷൻ വേണമെന്ന് നിരന്തരമായി ആവശ്യപ്പെടുന്നത്. ഇത് പരിഗണിച്ച് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി മുൻകയ്യെടുത്ത് ആദ്യമായി അവിടെയൊരു പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിച്ചു. വളരെ പെട്ടെന്നുതന്നെ ഒരു പോലീസ് സ്റ്റേഷനാക്കി മാറ്റുമെന്ന്

ഉറപ്പുനൽകിയിരുന്നതുമാണ്. പിന്നീട് അത് ഔട്ട്പോസ്റ്റായി മാറി. ഇവിടെ യൊരു പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്നുള്ളതാണ് എനിക്ക് ഈ സബ്മിഷനിലൂടെ പറയാനുള്ളത്. ആഭ്യന്തര വകുപ്പിന് ഒരു പുതിയ മുഖം കൈവന്നിട്ടുണ്ട്. വളരെ ഗൗരവതരമായ ഈ വിഷയം അർഹിക്കുന്ന ഉത്തര വാദിത്തത്തോടുകൂടി നിർവ്വഹിച്ച് എത്രയുംവേഗം ഈ ഔട്ട്പോസ്റ്റിനെ ഒരു പോലീസ് സ്റ്റേഷനാക്കി മാറ്റണമെന്ന് അപേക്ഷിക്കുകയാണ്. ഇവിടെ നിരന്ത രമായി സാമൂഹ്യവിരുദ്ധരുടെ ശല്യമുണ്ട്. ഇക്കോ ടൂറിസ്റ്റ് പ്രശ്നവുമായി ബന്ധപ്പെട്ട വിഷയങ്ങളുണ്ട്. വയനാട് ചുരത്തിൽ നിരന്തരം സംഭവിക്കുന്ന അപകടങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളുണ്ട്. അതുകൊണ്ടുതന്നെ അടിവാരം പ്രദേശത്ത് അനുവദിച്ചിട്ടുള്ള പോലീസ് ഔട്ട്പോസ്റ്റ് ഒരു പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകണ മെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല):</u> സർ, കോഴിക്കോട് താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽവരുന്ന അടി വാരത്തുകൂടിയാണ് വയനാട് ജില്ലയുമായി ബന്ധിപ്പിക്കുന്ന ചുരംറോഡ് കടന്നുപോകുന്നത്. വയനാടുള്ള പ്രകൃതിരമണീയമായ നിരവധി സ്ഥലങ്ങൾ സന്ദർശിക്കാനെത്തുന്ന ടൂറിസ്റ്റുകളുൾപ്പെടെ ആയിരക്കണക്കിന് വാഹനങ്ങ ളാണ് ദിവസേന ഈ ചുരംവഴി കടന്നുപോകുന്നത്. ആയതിനാൽ രൂക്ഷ മായ ഗതാഗതക്കുരുക്കും അതുമൂലമുള്ള ക്രമസമാധാന പ്രശ്നങ്ങളും അടി ക്കടി ഇവിടെയുണ്ടാകാറുണ്ട്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകണമെന്ന ജനപ്രതിനിധികളുടേയും പഞ്ചായത്ത് അധികൃതരുടേയും അഭ്യർത്ഥന

മാനിച്ച് 05–08–2011–ൽ സംസ്ഥാന മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിവിധ വകുപ്പുമന്ത്രിമാരും ജനപ്രതിനിധികളും പങ്കെടുത്ത ചർച്ചയിലെടുത്ത തീരുമാനപ്രകാരം ജി.ഒ.(എം.എസ്) നം.21/13 ആഭ്യന്തരം തീയതി 22–01–2013 അനുസരിച്ച് വയനാട് ചുരം റോഡിലെ അടിവാരത്ത് നിലവിലുണ്ടായിരുന്ന പോലീസ് എയ്ഡ് പോസ്റ്റിനുപകരമായി ഒരു എ.എസ്.ഐ, 4 സീനിയർ ഗ്രേഡ് സി.പി.ഒ–മാർ, 6 സി.പി.ഒ–മാർ എന്നീ അംഗസംഖ്യയുള്ള പോലീസ് ഔട്ട്പോസ്റ്റ് 01–09–2013–ൽ ആരംഭിച്ചിട്ടുള്ളതാണ്. പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നിരവധി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്നതിനാൽ പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നിയന്ത്രണമുണ്ട്. കൂടാതെ പോലീസ് സ്റ്റേഷനിലെ ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ പോലീസ് സ്റ്റേഷൻ വിഭജിച്ച് രൂപീകരിക്കേണ്ട പുതിയ പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വയനാട് ചുരത്തിന്റെ അടിവാരത്തുള്ള പോലീസ് ഔട്ട്പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തുന്ന കാര്യം പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം പിരശോധിക്കുന്നതാണ്. ഇതിന്റെ ആവശ്യകതയെക്കുറിച്ച് ഗവൺമെന്റിന് പൂർണ്ണമായും ബോദ്ധ്യമുണ്ട്. അങ്ങേയ്ക്കും അറിയാവുന്നതാണ്. തീർച്ചയായും മുൻഗണനാ ക്രമത്തിൽ അടിവാരത്തിൽ ഒരു പോലീസ് സ്റ്റേഷൻ എന്നത് ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലുണ്ടായിരിക്കും എന്ന് ബഹുമാനപ്പെട്ട മെമ്പർ സി. മോയിൻകുട്ടിയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

<u>പരോൾ</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, സംസ്ഥാനത്തെ ജയിലുകളിൽനിന്നും ചട്ടം ലംഘിച്ചുകൊണ്ട് പരോൾ നൽകുന്നു എന്നൊരു വാർത്ത ഇന്നലെ മെട്രോ മനോരമയിൽ വന്നിരുന്നു. പോലീസ് റിപ്പോർട്ട് നൽകാത്തവർക്കും പരോൾ അനുവദിച്ചതായി വാർത്തയുണ്ട്. പരോൾ അനുവദിക്കുന്ന കാര്യത്തിൽ മുൻകാലങ്ങളിൽ തുടങ്ങിയ രീതി ഇപ്പോഴും തുടരുകയാണ് എന്നും വാർത്തയുണ്ട്. അങ്ങനെ നിയമവിരുദ്ധമായോ ചട്ടം ലംഘിച്ചോ കേരളത്തിലെ ജയിലുകളിൽനിന്നും പരോൾ അനുവദിക്കുന്നുണ്ടോ; അതിനെ സംബന്ധിച്ചുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുന്നതിന് അങ്ങ് തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല):</u> സർ, ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവരൊഴികെ സൽസ്വഭാവിയായ ഏതൊരു തടവുകാരനും ചില അടിയന്തര ഘട്ടങ്ങളിൽ അടിയന്തരാവധിക്ക് പ്രിസൺ റൂൾ 454 പ്രകാരം അർഹതയുണ്ട്. കൂടാതെ പ്രതികൂലമായ പോലീസ് റിപ്പോർട്ട്, പ്രൊബേഷൻ റിപ്പോർട്ടുമൂലം ഒന്നിലധികം പ്രാവശ്യം അവധി അപേക്ഷ നിരസിച്ച ശിക്ഷാ തടവുകാരുടെ കേസ്സുകൾ പുനരവലോകനം ചെയ്യുന്നതിന് ജില്ലാ കലക്ടർ, ജില്ലാ പോലീസ് മേധാവി, ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട്, ജില്ലാ പ്രൊബേഷൻ ഓഫീസർ, ജില്ലാ ജഡ്ജി, ജയിൽ ഡി.ജി.പി, മൂന്ന് അനൗദ്യോഗികാംഗങ്ങൾ എന്നിവരടങ്ങുന്ന ഒരു സമിതി ഓരോ ജയിലിലും നിലവിലുണ്ട്. അടിയന്തരാവധി ദീർഘിപ്പി

ക്കുന്നതിന് സർക്കാരിന് ലഭിച്ച അപേക്ഷയിന്മേൽ സർക്കാർ അവധി ദീർഘി പ്പിച്ചു നൽകിയതാണ് കൂടുതലും. എന്നാലിത് ചട്ടവിരുദ്ധമല്ല. ജയിൽ ചട്ട ങ്ങൾ 455 പ്രകാരം അടിയന്തരാവധി 45 ദിവസംവരെ ദീർഘിപ്പിച്ചു നൽകുന്ന തിന് സർക്കാരിന് അധികാരമുണ്ട്. ജയിൽ ഡി.ജി.പി. ശുപാർശ ചെയ്താൽ മാത്രമേ ഇപ്രകാരം അടിയന്തരാവധി ദീർഘിപ്പിച്ചു നൽകാവൂ എന്ന് ചട്ടങ്ങ ളിൽ പറഞ്ഞിട്ടില്ല. ആയതിനാൽ അടിയന്തരാവധി സർക്കാർതലത്തിൽ ദീർഘിപ്പിച്ചുനൽകുന്നത് ചട്ടവിരുദ്ധമാണെന്ന് നമുക്ക് വ്യാഖ്യാനിക്കാൻ കഴിയുന്നതല്ല. അതോടൊപ്പംതന്നെ കേസ്സുകൾ പുനരവലോകനം ചെയ്യുന്ന തിന്, ഒന്നുരണ്ട് തവണ പരോൾ നിഷേധിച്ചാൽ ഈ കമ്മിറ്റിക്ക് അത് പരിശോധിക്കാവുന്നതാണ്. പരിശോധിച്ചതിനുശേഷം ഈ കമ്മിറ്റിയുടെ ശുപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് പ്രിസൺ റൂൾ 546 (ഡി) – യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പ രിഗണിച്ച് സർക്കാർ അവധി അനുവദിക്കാറുണ്ട്. കൂടാതെ കേരള പ്രിസൺ റൂൾസ് 455 പ്രകാരം ഒരുവർഷത്തിൽ അടിയന്തരാവധി 45 ദിവസംവരെ ദീർഘിപ്പിച്ചു നൽകുന്നതിന് സർക്കാരിന് അധികാരമുണ്ട്. ഇത് കൂടാതെ ജയിൽ ഡി.ജി.പി. പരോൾ അപേക്ഷ നിരസിക്കുന്ന അവസരങ്ങളിൽ സർക്കാരിന് അപ്പീൽ നൽകുന്നതിനും അപ്പീൽ അധികാരി എന്ന നിലയിൽ സർക്കാരിന് പരോൾ അനുവദിക്കുന്നതിനും ജയിൽ ചട്ടങ്ങൾ 457 (എ)–യിൽ വ്യവസ്ഥയുണ്ട്. മേൽപരാമർശിച്ച വ്യവസ്ഥകൾക്കുവിരുദ്ധമായി സർക്കാർ ഒരു തടവുകാരനും പരോൾ അനുവദിച്ചിട്ടില്ല. തന്നെയുമല്ല മാനുഷിക പരിഗണന കണക്കിലെടുത്തുകൊണ്ട് ചില അടിയന്തര ഘട്ടങ്ങളിൽ, അവരുടെ വീട്ടിൽ മരണം, കല്യാണം തുടങ്ങിയ ആവശ്യങ്ങൾ വരുമ്പോൾ

അത്തരം കേസ്സുകളിലാണ് പ്രത്യേക ഗവൺമെന്റ് പ്രത്യേക പരോൾ അനുവദിക്കാറുള്ളത്. തികച്ചും മാനുഷികമായ വശങ്ങൾ കണക്കിലെടുത്തുകൊണ്ടുമാത്രമാണ് ചെയ്യാറുള്ളത്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ 4324 –ാം നമ്പർ തടവുകാരനായ കരാട്ടെ ഫറൂഖ് എന്ന പ്രതിക്ക് പ്രത്യേക പോലീസ് നിരീക്ഷണത്തിൽ മകളുടെ വിവാഹത്തിൽ പങ്കെടുക്കാൻ അടിയന്തര അവധി അനുവദിച്ചിട്ടുണ്ട്. അങ്ങനെ വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ അല്ലാതെ സർക്കാർ നേരിട്ട് പരോൾ അനുവദിക്കാറില്ല. വളരെ അപൂർവ്വമായി മാത്രമേ പരോൾ നൽകാറുള്ളൂ. ചട്ടവിരുദ്ധമായി പരോൾ അനുവദിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഒന്നും ചെയ്യാറില്ല. തികച്ചും മനുഷ്യത്വപരമായ സമീപനം മാത്രമാണ് ഗവൺമെന്റിന്റെ പരിഗണനയിലുള്ളത്.

## ഗ്രേഷ്മയുടെ മരണം

ശ്രീ. ബി. ഡി. ദേവസ്സി: സർ, തൃശ്ശൂർ ജില്ലയിലെ സരോജ ആശുപത്രിയിൽ മൂക്കിന്റെ പാലം നേരെയാക്കുന്നതിനുള്ള ശസ്ത്രക്രിയയ്ക്ക് മുന്നോടിയായി നൽകിയ അനസ്തേഷ്യയെത്തുടർന്ന് അബോധാവസ്ഥയിലാകുകയും പിന്നീട് മരണമടയുകയും ചെയ്ത ചാലക്കുടി എലിഞ്ഞിപ്രയിലെ പുല്ലോക്കാരൻ തോമസിന്റെ മകൾ ഗ്രേഷ്മയുടെ മരണം ചികിത്സ നടത്തിയ ആശുപത്രി അധികൃതരുടെയും അനസ്തേഷ്യ നൽകിയ ഡോക്ടറുടെയും പിഴവും അനാസ്ഥയും മൂലമാണെന്ന് ബന്ധുക്കളുടെ പരാതിയുണ്ട്. ഈ പരാതി സംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് എന്റെ സബ്മിഷൻ. 12-05-2014-നാണ് പൂർണ്ണ

ആരോഗ്യവതിയായ കുട്ടിയെ ശസ്ത്രക്രിയയ്ക്കുവേണ്ടി സരോജ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തത്. അനസ്തേഷ്യ നൽകിയതിനെത്തുടർന്ന് കുട്ടിയുടെ നില വഷളാവുകയും അബോധാവസ്ഥയിലാകുകയും ചെയ്തു. വൈകുന്നേരം 7.30 മണിയോടുകൂടി സി.ടി. സ്കാൻ എടുക്കുന്നതിനുവേണ്ടി അശ്വിനി ഹോസ്പിറ്റലിലേക്ക് മാറ്റണമെന്ന് ആശുപത്രി അധികൃതർ ബന്ധുക്കളോട് പറഞ്ഞു. അശ്വിനി ഹോസ്പിറ്റലിൽ കൊണ്ടുപോയി സി.ടി. സ്കാൻ എടുത്തതിനുശേഷം കുട്ടിയെ അവിടെത്തന്നെ അഡ്മിറ്റ് ചെയ്യുകയാണുണ്ടായത്. പിന്നീട് ആറ് ദിവസം അവിടെ ചികിത്സ നടത്തിയെങ്കിലും അവസാനം ആശുപത്രി അധികൃതർ കൈയൊഴിയുന്ന അവസ്ഥയാണ് ഉണ്ടായത്. 19-ാം തീയതി കുട്ടിയെ അമൃതാ ആശുപത്രിയിലേക്ക് മാറ്റുകയും 21-ാം തീയതി കുട്ടി മരണപ്പെടുകയും ചെയ്തു. ചെറിയൊരു കാര്യത്തിനുള്ള ശസ്ത്രക്രിയ നടത്തുന്നതിനായാണ് കുട്ടിക്ക് അനസ്തേഷ്യ കൊടുത്തത്. അതിലുണ്ടായ പിഴവുമൂലമാണ് കുട്ടി അബോധാവസ്ഥയിലാകുകയും നില വഷളാകുകയും ചെയ്തത്. ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കുട്ടിയുടെ ബന്ധുക്കളും അവിടെ രൂപീകരിച്ചിട്ടുള്ള ആക്ഷൻ കൗൺസിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും ആരോഗ്യ വകുപ്പുമന്ത്രിക്കും നിവേദനങ്ങൾ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കണം. കുട്ടിയുടെ ചികിത്സയ്ക്കായി മൂന്ന്  ആശുപത്രികളിലുമായി വലിയ സാമ്പത്തിക ചെലവ് വന്നിട്ടുണ്ട്. അതിനാൽ സർക്കാരിൽനിന്ന് അടിയന്തര സാമ്പത്തിക സഹായം

അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ചാലക്കുടി എലിഞ്ഞിപ്ര സ്വദേശി തോമസിന്റെ മകൾ 20 വയസ്സുള്ള ഗ്രേഷ്മയെ മൂക്കിൽ ദശ വളരുന്നതിനുള്ള സർജറിക്കുവേണ്ടി 12-05-2014-ൽ തൃശ്ശൂരിലെ സരോജ നേഴ്സിംഗ് ഹോമിൽ അഡ്മിറ്റ് ചെയ്തു. 13-05-2014-ന് രാവിലെ 9 മണിയോടെ അനസ്തേഷ്യ നൽകിയതിനെത്തുടർന്ന് യുവതിയുടെ ആരോഗ്യനില വഷളാവുകയും ഓപ്പറേഷൻ ചെയ്യാനാകാതെ വരികയും അന്നേദിവസം 9 മണിയോടെ തൃശ്ശൂർ അശ്വിനി ആശുപത്രിയിലേക്ക് മെച്ചപ്പെട്ട ചികിത്സയ്ക്കായി മാറ്റുകയും ചെയ്തു. അവിടത്തെ ചികിത്സയിൽ പുരോഗതി ഉണ്ടാകാത്തതിനാൽ 19-05-2014-ന് എറണാകുളം അമൃതാ ആശുപത്രിയിൽ എത്തിക്കുകയും അവിടെ ചികിത്സിച്ച് വരികെ 21-05-2014-ന് പകൽ ഒരു മണിയോടെ ഗ്രേഷ്മ മരണപ്പെടുകയും ചെയ്തു. ഗ്രേഷ്മയുടെ ബന്ധുവായ ജോഫിയുടെ പരാതി പ്രകാരം തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 304(എ) വകുപ്പ് പ്രകാരം ക്രൈം 1547/14 ആയി കേസ് രജിസ്റ്റർ ചെയ്തു. മൃതദേഹം തൃശ്ശൂർ മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടത്തിയതിൽ മരണകാരണം ഹൈപ്പോക്സിക് എൻസഫലോപ്പതി – തലച്ചോറിലേക്ക് ഓക്സിജൻ ലഭിക്കാതെ തലച്ചോറിന്റെ പ്രവർത്തനം നിലയ്ക്കുന്നതാണെന്നാണ് വെളിവായിട്ടുള്ളത്. ഗ്രേഷ്മയെ ചികിത്സിച്ച സരോജ നഴ്സിംഗ്

ഹോമിലെയും അശ്വിനി ആശുപത്രിയിലെയും കേസ് ഷീറ്റുകളും എറണാകുളം അമൃതാ ആശുപത്രിയിലെ മെഡിക്കൽ ഹിസ്റ്ററി ഷീറ്റുകളും കേസന്വേഷണത്തിനായി പോലീസ് ബന്തവസ്സിൽ എടുത്തിട്ടുള്ളതാണ്. ഈ കേസിൽ ചികിത്സിച്ച ഡോക്ടറുടെ ഭാഗത്തുനിന്ന് എന്തെങ്കിലും രീതിയിലുള്ള ചികിത്സാ പിഴവ് സംഭവിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനും തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതിനും മെഡിക്കൽ പാനൽകൂടി തീരുമാനമെടുക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ മെഡിക്കൽ പാനൽ കൂടുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇപ്പോൾ ഈ കേസ് തൃശ്ശൂർ സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അന്വേഷണം നടത്തി വരികയാണ്. ചാലക്കുടിയിൽവച്ച് ശ്രീ. ബി. ഡി. ദേവസ്സിയും യുവതിയുടെ ബന്ധുക്കളും എനിക്ക് പരാതി നൽകിയിട്ടുണ്ട്. പോലീസ് വളരെ ഊർജ്ജിതമായിത്തന്നെ ഈ കേസ് അന്വേഷിച്ച് വരികയാണ്. കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യം മുഖ്യമന്ത്രിയെ ധരിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## അടയ്ക്കാകർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, കാസർഗോഡ് ജില്ലയിൽ, പ്രത്യേകിച്ച് എന്റെ നിയോജകമണ്ഡലത്തിലെ ഭൂരിപക്ഷം കർഷകരും അടയ്ക്കാ കർഷകരാണ്. ജില്ലയിൽ ഏകദേശം 40,000 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷി ചെയ്യുന്നുണ്ട്. കഴിഞ്ഞ കുറച്ചുനാളുകളായി, മഹാളി രോഗം മൂലമുള്ള കൃഷിനാശത്തിന്റെ ദുരന്തഫലം അതിഭീകരമാണ്. 80 ശതമാനം കൃഷി നശിച്ചു. കർഷകരുടെ സ്ഥിതി വളരെ ദയനീയമാണ്. സർക്കാർ

പ്രഖ്യാപിച്ച അടയ്ക്കാ പാക്കേജ് പദ്ധതിയിലൂടെ കർഷകരുടെ പ്രയാസങ്ങൾക്ക് ഏറ്റവും വേഗത്തിൽ പരിഹാരമുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. അടയ്ക്കാ പാക്കേജ് പദ്ധതിയുടെ പ്രൊപ്പോസൽ കൃഷി ഡയറക്ടർ സർക്കാരിന് നൽകിയതായി അറിയാൻ സാധിച്ചു. എന്നാൽ പ്രസ്തുത പ്രൊപ്പോസലിൽ ചെറുകിട കർഷകർക്ക് സഹായം ലഭിക്കുന്നതിന് വേണ്ടത്ര നിർദ്ദേശങ്ങൾ ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ചെറുകിട കർഷകരുൾപ്പെടെയുള്ളവർക്ക് സഹായകരമാകുന്ന രീതിയിൽ പദ്ധതി നടപ്പാക്കണം. കർഷകർക്ക് ലോൺ തിരിച്ചടയ്ക്കാൻ യാതൊരു നിർവ്വാഹവുമില്ലാത്ത സാഹചര്യത്തിൽ ക്രോപ്പ് ലോൺ പോലുള്ള ലോണുകൾ എഴുതിത്തള്ളാനും മറ്റുലോണുകളുടെ പലിശ ഒഴിവാക്കാനും ആവശ്യമായ നടപടി ഉണ്ടാകണം. .......................(കന്നട ഭാഷയിൽ അവതരിപ്പിച്ചു.)............................

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇതിന് മുമ്പും ഇതുസംബന്ധിച്ച സബ്മിഷൻ ഉന്നയിച്ചിരുന്നു. കേരളത്തിലെ അടയ്ക്കാകർഷകർ നിരവധി പ്രശ്നങ്ങളാൽ ദുരിതമനുഭവിക്കുന്നവരാണ്. കമ്പോള വിലയിടിവ്, മഞ്ഞളിപ്പ് രോഗം, മഹാളി രോഗം എന്നിവയാലുണ്ടാകുന്ന വിലയിടിവും ഉൽപ്പാദനക്കുറവും ഇതിന് പ്രധാനകാരണങ്ങളാണ്. കേരളത്തിലെ വടക്കൻ ജില്ലകളായ പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലാണ് അടയ്ക്കാ കൃഷി പ്രധാനമായും ചെയ്തുവരുന്നത്. ഇതിൽ ഭൂരിപക്ഷം കൃഷിയും കേന്ദ്രീകരിച്ചിരിക്കുന്ന

കാസർഗോഡ് ജില്ലയിലെ കർഷകരുടെ ദുരിതം പരിഗണിച്ച് 2010-11-ലെ സംസ്ഥാന ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 10 കോടി രൂപയുടെ അടയ്ക്കാ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. പക്ഷേ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പാക്കേജ് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അടയ്ക്കാ പാക്കേജ് പദ്ധതിക്കായി 10 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥന വഴി ഈ തുക ലഭിക്കുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്. .......................(കന്നടയിൽ മറുപടി പറഞ്ഞു.)..................

(മി. ചെയർമാൻ)

<u>പാനൽ ഓഫ് ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്ക്, തമിഴ്, കന്നട, ഇംഗ്ലീഷ് എന്നീ ഭാഷകൾ സഭയിൽ സംസാരിക്കാവുന്നതാണ്. കാരണം നമ്മുടെ രണ്ടുമൂന്ന് നിയോജക മണ്ഡലങ്ങൾ തമിഴ് മേഖലയാണ്. അതുപോലെ മഞ്ചേശ്വരവും കാസർഗോഡും കന്നഡ മേഖലയുമാണ്. അതുകൊണ്ട് ഈ ഭാഷകൾ സഭയിൽ സംസാരിക്കുന്നതിൽ വിലക്കില്ല. രാഷ്ട്രഭാഷയായതിനാൽ ഹിന്ദിയിലും പ്രസംഗിക്കാവുന്നതാണ്.

<u>**സബ്സ്റ്റേഷനും സെക്ഷൻ ഓഫീസും സ്ഥാപിക്കൽ**</u>

<u>ശ്രീ. എം. ഹംസ</u>: സർ, ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കണമെന്നും ലക്കിടിയിൽ ഒരു സെക്ഷൻ ഓഫീസ് സ്ഥാപിക്കണമെന്നതുമാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഇക്കാര്യം ഞാൻ പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. കടമ്പഴിപ്പുറം 33 കെ.വി. സബ്സ്റ്റേഷന് കോങ്ങാട്, ശ്രീകൃഷ്ണപുരം, പത്തിരി

പ്പാല ഫീഡറുകളിൽനിന്നാണ് വൈദ്യുതി ലഭിക്കുന്നത്. ഇവിടങ്ങളിൽ 11 കെ. വി. വർക്കുകൾ നടക്കുമ്പോഴെല്ലാം അവിടെ വൈദ്യുതി തകരാർ സംഭവിക്കുകയാണ്. കടമ്പഴിപ്പുറം പ്രദേശത്തെ ജനങ്ങൾക്ക് രണ്ട്-മൂന്ന് മണിക്കൂറോളം വൈദ്യുതി ഇല്ലാത്ത അവസ്ഥ അനുഭവപ്പെടുകയാണ്. ഇത് പരിഹരിക്കാനാവശ്യമായ ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. മറ്റൊന്ന്, ലക്കിടിയിൽ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നത് സംബന്ധിച്ചാണ്. ഒറ്റപ്പാലത്തുനിന്നും പത്തിരിപ്പാലയിൽനിന്നുമാണ് ഉപഭോക്താക്കളെ എടുക്കേണ്ടത്. ഒറ്റപ്പാലത്ത് 24528 ഗുണഭോക്താക്കളും പത്തിരിപ്പാലയിൽ 16000-ഉം പേരുമുൾപ്പെടെ ആകെ 40528 ഗുണഭോക്താക്കളുണ്ട്. ഒരു സെക്ഷൻ ഓഫീസിൽ ഇത്രയും ഗുണഭോക്താക്കളുണ്ടെങ്കിൽ അത് രണ്ട് സെക്ഷൻ ഓഫീസുകൾ ആക്കാവുന്നതാണ്. പത്തിരിപ്പാലയിൽ 110 സ്ക്വയർ കിലോമീറ്റർ ഏരിയയുണ്ട്. ഒറ്റപ്പാലത്ത് 57 സ്ക്വയർ കിലോമീറ്റർ ഏരിയയിലാണ് സെക്ഷൻ ഓഫീസ് നിൽക്കുന്നത്. അതുകൊണ്ട് ലക്കിടിയിൽ ഒരു സെക്ഷൻ ഓഫീസും കടമ്പഴിപ്പുറത്ത് 33 കെ.വി സബ്സ്റ്റേഷനും അനുവദിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം നേരത്തെതന്നെ മെമ്പർ ഉന്നയിച്ചിട്ടുള്ളതാണ്. എന്നാൽ

അത് പരിശോധിച്ചപ്പോൾ കടമ്പഴിപ്പുറത്ത് ഇപ്പോൾ 33 കെ.വി. സബ്സ്റ്റേഷന്റെ ആവശ്യമില്ല എന്നാണ് മനസ്സിലായത്. സബ്സ്റ്റേഷനുകൾ കൂടുമ്പോൾ ഗുണമല്ലാതെ ദോഷമൊന്നും ഉണ്ടാകുന്നില്ല. അതുകൊണ്ട് ഭാവിയിൽ കണക്ഷൻ കൂടുമ്പോൾ അവിടെ 33 കെ.വി. സബ്സ്റ്റേഷന്റെ ആവശ്യമുണ്ടാകും എന്ന കാര്യത്തിൽ സംശയമില്ല. അത് സംബന്ധിച്ച് ഒന്നുകൂടി പരിശോധിച്ച് വേണ്ടത് ചെയ്യാം. ലക്കിടിയിലെ കാര്യമാണ് രണ്ടാമത് പറഞ്ഞത്. അവിടെ 24520 ഗുണഭോക്താക്കളും 49 സ്ക്വയർ കിലോമീറ്റർ ഏരിയയുമാണ്. നമ്മുടെ മാനദണ്ഡം 20000 ഗുണഭോക്താക്കളും 100 സ്ക്വയർ കിലോമീറ്റർ ഏരിയയിൽ കൂടുതലോ അല്ലെങ്കിൽ 25000 ഗുണഭോക്താക്കളും 50 സ്ക്വയർ കിലോമീറ്റർ ഏരിയയിൽ കൂടുതലോ ആണ്. അവിടെ 25000 ഗുണഭോക്താക്കളില്ല. അതുപോലെ 49 സ്ക്വയർ കിലോമീറ്റർ ഏരിയയേ ഉള്ളൂ. അത് നോംസിൽ വരില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാലും നോംസിൽ പറഞ്ഞിരിക്കുന്നതിനോടടുത്ത ഗുണഭോക്താക്കളും ഏരിയയും ആയതിനാൽ പ്രത്യേക പരിഗണന നൽകി ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യാം.

## കായികാദ്ധ്യാപകരെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സാജു പോൾ: സർ, സാമ്പാ താളവും ബ്രസൂക്കയും കേരളമാകെ പ്രകമ്പനം സൃഷ്ടിച്ച് അലകടൽ പോലെ ആർത്തിരമ്പുകയാണ്. നാഷണൽ ഗെയിംസിന്റെ തീയതി നാളെ പ്രഖ്യാപിക്കുകയാണ്. ഇന്ത്യയുടെ ലോകകപ്പ്

സ്വപ്നങ്ങളും ഒളിമ്പിക് മെഡൽ ലക്ഷ്യങ്ങളും എന്നെങ്കിലും പൂവണിയുമോ? അല്പമെങ്കിലും പ്രതീക്ഷയുള്ളത് സ്കൂൾതല നേട്ടങ്ങളിലാണ്. 17 വർഷം തുടർച്ചയായി ദേശീയ സ്കൂൾ കായിക മേളയിൽ ജേതാക്കളാണ് കേരളം. കോരുത്തോടിന്റെ തോമസ് മാഷും കോതമംഗലം സെന്റ് ജോർജിന്റെ രാജു പോളും നമ്മുടെ അഭിമാനമായ കായികാദ്ധ്യാപകരാണ്. കോതമംഗലത്തെ മാർ ബേസിലും സെന്റ് ജോർജും ഉൾപ്പെടെയുള്ള സ്കൂളുകളാണ് റാഞ്ചിയിൽ നടന്ന 59-ാമത് നാഷണൽ സ്കൂൾ മീറ്റിലടക്കം കേരളത്തെ ജേതാക്കളാക്കിയത്. ആ കുട്ടികളുടെ പ്രൈസ് മണിയും കോച്ചിന്റെയും മാനേജർമാരുടെയും റെമ്യൂണറേഷനടക്കം കൊടുക്കാത്ത സർക്കാർ 500-ൽ താഴെ കുട്ടികളുള്ള സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ തസ്തിക നിർത്തലാക്കി. 10-ാം ക്ലാസിലും ഹയർസെക്കണ്ടറിയിലും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലും ഇപ്പോൾ ആ തസ്തികയില്ല. കോളേജ് തലത്തിലും കായികാദ്ധ്യാപകരെ നേരിട്ട് നിയമിക്കാതെ പോളിടെക്നിക്കുകളിൽനിന്ന് നിയമിക്കുകയാണ്. ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ് പ്രോഗ്രാം സർവ്വേയിൽ പെൺകുട്ടികൾക്കടക്കം ജീവിതശൈലീ രോഗങ്ങൾ പടരുകയാണെന്ന ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നിരിക്കുന്നത്. 50 ലക്ഷത്തോളംവരുന്ന കേരളത്തിലെ വിദ്യാർത്ഥി സമൂഹം അനാരോഗ്യകരമായ രീതിയിൽ വളർന്നുവരുന്നത് വളരെ ഗുരുതരമായ പ്രശ്നമാണ്. നമ്മുടെ ഗ്രാമങ്ങളെ ഏറ്റവും ചൈതന്യവത്താക്കുന്ന കളിസ്ഥലങ്ങൾ ഇന്ന് അന്യാധീനമായിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസാവകാശ നിയമത്തിന്റെ മറവിൽ കോടതി ഉത്തരവ് ദുർവ്യാഖ്യാനം ചെയ്താണ് കെ.ഇ.ആർ. ചട്ടങ്ങൾക്ക് വിരുദ്ധമായി സർക്കാർ നീങ്ങു

ന്നത്. ഇപ്പോൾ കായികാദ്ധ്യാപകരെ പല സ്കൂളുകളിലായി പുനർവിന്യസിക്കുകയാണ്. നിലവിലുള്ള നിയമപ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ എട്ട്, ഒമ്പത് ക്ലാസുകളിലായി 5 പീരീഡും യു.പി. വിഭാഗത്തിൽ 500 കുട്ടികളുമാണ് ഒരു അദ്ധ്യാപകനെ നിയമിക്കാനുള്ള മാനദണ്ഡം. കായികാദ്ധ്യാപക സംഘടനകളടക്കം ഇതിനുവേണ്ടി വളരെയധികം ശബ്ദമുയർത്തിയെങ്കിലും ഒരു നടപടിയുമുണ്ടായില്ല. 1:35 എന്ന അനുപാതം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കുകൂടി ബാധകമാക്കണം. അങ്ങനെ കേരളത്തിലെ സ്കൂളുകളിൽ ആവശ്യമായ കായികാദ്ധ്യാപകരെ നിയമിക്കുന്ന സമീപനം സർക്കാർ സ്വീകരിക്കണം. നമുക്കൊരു നെയ്മറോ മെസ്സിയോ റൊണാൾഡോയോ ഉണ്ടാകുമെന്നുള്ളത് സ്വപ്നം മാത്രമാണ്. കാൾ ലൂയിസോ ഉസൈൻ ബോൾട്ടോ മറഡോണയോ മാർട്ടിന നവരത്തിലോവയോ, ബിയോൺ ബോർഗോ സച്ചിനോ ഒന്നും ഉണ്ടായില്ലെങ്കിലും ഭാവിയിൽ കേരളത്തിൽനിന്ന് ഐ.എം. വിജയനോ പി.ടി. ഉഷയോ എങ്കിലും ഉണ്ടാകത്തക്ക വിധത്തിലുള്ള പ്രവർത്തനത്തിലേയ്ക്ക് നീങ്ങാൻ സർക്കാർ തയ്യാറാകണം. ഇക്കാര്യം വളരെ ഗൗരവമായി പരിഗണിക്കണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, സംസ്ഥാനത്തെ സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കായികാദ്ധ്യാപകരുൾപ്പെടെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിന് 01-10-2011-ലെ ജി.ഒ.(പി) 199/2011 പൊ.വി. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെ.ഇ.ആർ പ്രകാരം സ്പെഷ്യലിസ്റ്റ് അദ്ധ്യാപ

കരുടെ തസ്തിക സൃഷ്ടിക്കാൻ മതിയായത്ര കുട്ടികളില്ലാത്ത സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തണമെന്ന കേരള ഹൈക്കോടതിയുടെ 19—01—2011-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നടപടി. സ്കൂളുകളിൽ ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുന്ന മുഴുവൻ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെയും ആർ.റ്റി.ഇ. ആക്ട് നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എസ്.എസ്.എ. വഴി നിയമിക്കുന്ന പാർട്ട് ടൈം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെയും പൂൾ ചെയ്ത് സൗകര്യപ്രദമായ രീതിയിൽ പുനർവിന്യസിച്ച് കുട്ടികളുടെയോ പീരീഡുകളുടേയോ എണ്ണം നോക്കാതെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്താനും ഈ ഉത്തരവിലൂടെ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതേത്തുടർന്ന് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ പൂൾ ചെയ്യുകയും അവരെ വിവിധ സ്കൂളുകളിൽ പുനർവിന്യസിക്കുകയും ചെയ്തുകൊണ്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ ചില അദ്ധ്യാപകർ കേരള ഹൈക്കോടതിയെ സമീപിക്കുകയും പ്രസ്തുത ഉത്തരവുകൾ ഹൈക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പൂളിംഗും പുനർവിന്യാസവും ഫലപ്രദമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കെ.ഇ.ആർ. അദ്ധ്യായം 23 റൂൾ 6(4)-ലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് സംസ്ഥാനത്തെ സ്കൂളുകളിൽ കായികാദ്ധ്യാപക തസ്തിക അനുവദിക്കുന്നത്. ഇതനുസരിച്ച് കായികാദ്ധ്യാപക പഠനത്തിന് കുറഞ്ഞത് 5 പീരീഡെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഹൈസ്കൂൾ വിഭാഗത്തിൽ ഒരു കായികാദ്ധ്യാപക തസ്തിക അനുവദിക്കാൻ കഴിയൂ. യു.പി.

സ്കൂളിലോ ഹൈസ്കൂളിന്റെ യു.പി. വിഭാഗത്തിലോ ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് കുറഞ്ഞത് 500 വിദ്യാർത്ഥികളെ ങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ആവശ്യമായ കുട്ടികളും പീരീഡുകളും ഉള്ള സ്കൂളുകളിൽ മാത്രമേ നിലവിൽ കായികാദ്ധ്യാപക തസ്തിക അനുവദി ക്കാൻ നിർവാഹമുള്ളൂ. അപ്രകാരം തസ്തിക സൃഷ്ടിക്കാൻ മതിയായത്ര കുട്ടികളും പീരീഡുകളും ഇല്ലാത്ത സ്കൂളുകളെ സംബന്ധിച്ചിടത്തോളം പൂളിംഗ് വഴി കായികാദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്താൻ കഴിയുന്ന താണ്.

## സിനിമാ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷൻ സിനിമാ പ്രദർശന രംഗത്ത് സൃഷ്ടിച്ചിരിക്കുന്ന അടിയന്തരാവസ്ഥമൂലം സംസ്ഥാന സർക്കാരിനുകീഴിലുള്ള കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ സിനിമാ തിയേറ്ററുകൾ അനുഭവിക്കുന്നതും ഈ രംഗ ത്തുള്ള അനഭിലഷണീയമായ ചില പ്രവണതകളുമാണ് ബഹുമാനപ്പെട്ട മന്ത്രി യുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. സർക്കാർ തിയേറ്ററുകളെല്ലാം നവീകരി ച്ചുകൊണ്ടിരിക്കുകയാണ്. സ്വകാര്യ തിയേറ്ററുകളെക്കാൾ കൂടുതൽ സൗകര്യ മുള്ള മോഡേൺ തിയേറ്ററുകളായി അവ മാറിയിരിക്കുന്നു. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ വളരെയധികം സ്ട്രെയിനെടുത്ത് പണം സ്വരൂപിച്ചാണ് തിയേറ്ററുകളെല്ലാം നവീകരിച്ചത്. പുതുതായി റിലീസ് ചെയ്യുന്ന സിനിമകൾ മറ്റ് തിയേറ്ററുകളിൽ വരുന്നതിനെക്കാൾ എളുപ്പത്തിൽ സർക്കാർ തിയേറ്ററുകളിൽ കൊടുക്കാവുന്നതാണ്. എന്നാൽ ഇവിടെ സിനിമ

കൾ റിലീസ് ചെയ്യപ്പെടുന്നത് മനപൂർവം തടയുകയാണ്. സർക്കാർ തിയേറ്ററുകൾക്ക് സിനിമ കൊടുക്കാതിരിക്കാൻവേണ്ടി എക്സിബിറ്റേഴ്സ് ഫെഡറേഷൻ ബോധപൂർവമായ ശ്രമം നടത്തുകയാണ്. ഈ തിയേറ്ററുകൾക്ക് നൽകിയ സിനിമകൾ പ്രദർശനം നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ അവിടെനിന്നും വിത്ഡ്രോ ചെയ്ത് കൊണ്ടുപോവുകയാണ്. അതുകൊണ്ടുതന്നെ നിരവധി വിതരണക്കാർ ഈ തിയേറ്ററുകളിൽ ചിത്രങ്ങൾ റിലീസ് ചെയ്യുന്നതിന് തയ്യാറാകുന്നില്ല. എക്സിബിറ്റേഴ്സ് ഫെഡറേഷൻ ഇതിൽനിന്നും വിതരണക്കാരെ തടയുകയാണ്. അതുകൊണ്ട് നമ്മുടെ തിയേറ്ററുകളിലെ കളക്ഷൻ കുറയുകയാണ്. മാത്രമല്ല പ്രദർശനത്തിന് നൽകുന്ന ചിത്രങ്ങൾ വിത്ഡ്രോ ചെയ്യുന്നതുപോലുള്ള ഈ ദുഷ്പ്രവണത ബോധപൂർവം അടിച്ചേൽപ്പിക്കുകയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെടണം.

മുമ്പ്, സിനിമകളുടെ ഷെൽഫ് വാല്യൂ 6–7 മാസം വരെയായിരുന്നു. ഇപ്പോൾ അത് 2–3 മാസമായി ചുരുങ്ങി. സിനിമകളുടെ സിഡി.യും സാറ്റലൈറ്റ് സംപ്രേഷണവും 3 മാസത്തിനുള്ളിൽ വരും. അതിനാൽ, ബി, സി ക്ലാസ് തിയേറ്ററുകൾ നല്ല സിനിമകൾ കിട്ടാത്തതുകൊണ്ട് പൂട്ടിക്കൊണ്ടിരിക്കുകയാണ്. പൂട്ടിപ്പോയ തിയേറ്ററുകളിലെ പ്രേക്ഷകരെല്ലാം എക്സിബിറ്റേഴ്സ് ഫെഡറേഷന്റെ കീഴിൽ മാത്രമുള്ള തിയേറ്ററുകളിലേക്ക് പോവുകയെന്നതാണ് ലക്ഷ്യം. മുനിസിപ്പാലിറ്റികളിലും സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളിലുമുള്ള സിനിമാ തിയേറ്ററുകൾക്ക് എ/സി., ഡി.റ്റി.എസ്., നല്ല പ്രൊജക്ടറുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള മികച്ച അടിസ്ഥാന സൗകര്യങ്ങളുണ്ട്. എന്നാൽ ഫെഡറേഷന്റെ നിബന്ധനകളും കുത്തക സ്വഭാവവും കാരണം

ബി, സി ക്ലാസ് തിയേറ്ററുകളിൽ സിനിമ റിലീസിന് അനുവാദം കൊടുക്കുന്നില്ല. ഇത് മറികടന്ന് റിലീസിംഗിന് ചിത്രം നൽകിയാൽ ചിത്രം ബഹിഷ്കരിക്കുന്ന നടപടികളും ഫെഡറേഷൻ പ്രഖ്യാപിക്കുകയാണ്. പൊതുജനങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന, വൃത്തിഹീനമായ, ശോചനീയാവസ്ഥയിലുള്ള തിയേറ്ററുകളിൽപ്പോലും റിലീസിംഗിന് പടം കൊടുക്കുമ്പോഴാണ് നല്ല തിയേറ്ററുകൾക്ക് കൊടുക്കാത്തത്. അതുകൊണ്ട് സിനിമാ തിയേറ്ററുകളുടെ ക്ലാസിഫിക്കേഷൻ നടത്തുന്നതിനുവേണ്ടി സ്ഥിരം സമിതി രൂപീകരിക്കണം. അങ്ങനെ ചെയ്താൽ നല്ല തിയേറ്ററുകളിൽ റിലീസ് സിനിമകൾ പ്രദർശിപ്പിക്കാൻ കഴിയും. സിനിമാ തിയറ്ററുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വിലയിരുത്തിവേണം ക്ലാസിഫിക്കേഷൻ നടത്തേണ്ടത്. സർക്കാർ തിയേറ്ററുകൾ ഉൾപ്പെടെയുള്ള നിലവാരമുള്ള തിയേറ്ററുകൾക്ക് സിനിമ കൊടുക്കുന്നതിന് നടപടിയുണ്ടാവുകയും ഇക്കാര്യത്തിൽ ഒരു നിയന്ത്രണം ഉണ്ടാവുകയും വേണം. അതിനായി, വേണ്ടിവന്നാൽ നിയമനിർമ്മാണത്തിനുപോലും തയ്യാറാകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, സിനിമാ വ്യവസായം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയിൽനിന്നും വ്യവസായത്തെ രക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായ ശ്രീ. ബാലകൃഷ്ണൻ അദ്ധ്യക്ഷനായി ഒരു സമിതിയെ തീരുമാനിച്ചിരുന്നു. പ്രസ്തുത സമിതിയുടെ തീരുമാനപ്രകാരം സിനിമ റിലീസ് ചെയ്യുന്നതിന് വ്യാപകമായി തീയറ്ററുകളെ ഉപയോഗിക്കുകയെന്ന നിർദ്ദേശം നടപ്പാലാക്കു

ന്നത്, സിനിമയുടെ മുടക്കുമുതൽ തിരിച്ചുകിട്ടുന്നതിന് പ്രയോജനപ്രദമാണെന്നുള്ളതാണ് ഒബ്സർവേഷൻ. വൈഡ് റിലീസ് കേരളത്തിൽ നടപ്പിലാക്കുന്നതിനും കൂടുതൽ ആളുകളെ തിയേറ്ററുകളിലേക്ക് എത്തിക്കുന്നതിനും തിയേറ്റർ നവീകരിക്കുന്നതിനും പ്രൊഡക്ഷൻ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മെച്ചമായ സംവിധാനങ്ങൾ അനുസരിച്ച് തിയേറ്ററുകളെ പ്ലാറ്റിനം, ഗോൾഡ്, സിൽവർ എന്നീ നിലകളിൽ തരംതിരിച്ച് എല്ലാ നല്ല തിയേറ്ററുകളിലും മലയാള സിനിമയുടെ വൈഡ് റിലീസ് സാദ്ധ്യമാക്കുന്നതിനെക്കുറിച്ചും പഠിക്കാനായി 2011-ൽ സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. കമ്മിറ്റി തിയേറ്ററുകളിൽ പോയി അവയുടെ സൗകര്യങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിട്ടുണ്ട്. കേരളത്തിൽ, സിനിമാ വ്യവസായവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമം, കേരള സിനിമ റെഗുലേഷൻ ആക്ട്-1958, സിനിമ റെഗുലേഷൻ റൂൾസ്-1988 എന്നിവയാണ്. ഇതുപ്രകാരം സിനിമാ തിയേറ്ററുകളുടെ ലൈസൻസും മറ്റ് നിയമപരമായ അധികാരങ്ങളും സിനിമാ വകുപ്പിനില്ല. കേരളത്തിൽ 72-ഓളം തിയേറ്ററുകൾ പരിശോധയ്ക്ക് വിധേയമാക്കാൻ വിസമ്മതിച്ചിട്ടും അവയ്ക്കെതിരെ നടപടി എടുക്കാനോ സർക്കാരിന് സമർപ്പിച്ച ക്ലാസിഫിക്കേഷൻ കമ്മിറ്റി റിപ്പോർട്ടിന്മേൽ തുടർനടപടി എടുക്കാനോ വൈഡ് റിലീസ് സാദ്ധ്യമാക്കാനോ കഴിഞ്ഞിട്ടില്ല. അത് നിലവിലുള്ള നിയമത്തിന്റെ അപര്യാപ്തതയായി സർക്കാർ കാണുകയാണ്. എന്നിരുന്നാലും, ഇത്തരം എല്ലാ വിഷയങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഉന്നതാധികാര സമിതിയെ ഇപ്പോൾ നിയോഗിച്ചിട്ടുണ്ട്. ശ്രീ. അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായ ഈ സമിതിയിൽ ശ്രീ. ഷാജി എൻ. കരുൺ, ശ്രീ. പന്തളം സുധാകരൻ, ശ്രീ. ജി. സുരേഷ്

കുമാർ, വകുപ്പ് സെക്രട്ടറി ശ്രീമതി റാണി ജോർജ്, ഐ.എ.എസ്. എന്നിവർ അംഗങ്ങളാണ്. കമ്മിറ്റി ഇതിനകം പല പ്രാവശ്യം യോഗംചേർന്ന് നിർദ്ദേശങ്ങളുടെ ഏകദേശ രൂപമുണ്ടാക്കിയിട്ടുണ്ട്. കേരള സിനി എക്സിബിറ്റേഴ്സ് അസോസിയേഷൻ, കേരള സിനി എക്സിബിറ്റേഴ്സ് ഫെഡറേഷൻ, കേരള പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ, ഫിലിം ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ, മാക്ട, ഫെഫ്ക എന്നീ സംഘടനകളുടെ ഭാരവാഹികളുമായി ഇതിനകം ചർച്ച നടത്തിയിട്ടുണ്ട്. 1500-ഓളം തിയേറ്ററുകളാണ് സംസ്ഥാനത്തുണ്ടായിരുന്നത്. അത് 500 തിയേറ്ററുകളായി ചുരുങ്ങിയത് പല കാരണങ്ങൾ കൊണ്ടാണ്. പ്രധാനപ്പെട്ട കാരണം, സംഘടനയുടെ ഇന്റേണൽ ഫൈറ്റാണ്. ഇതിൽ ഒരു ക്രമീകരണം വേണമെന്ന അങ്ങയുടെ നിർദ്ദേശം പരിഗണിക്കും. ഈ കമ്മിറ്റി റിപ്പോർട്ട് കൂടി കിട്ടിയാൽ, ഈ മേഖല കൃത്യമായി പോകുന്നതിനുവേണ്ടി ആവശ്യമെങ്കിൽ ഒരു നിയമനിർമ്മാണം ഗവൺമെന്റ് നടത്തുന്നതാണ്. (ശ്രീ. തോമസ് ഉണ്ണിയാടൻ)

## റൂറൽ ആർ.ടി. ഓഫീസ്

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, സംസ്ഥാനത്ത് ചെറുതും വലുതുമായ വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. അതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെയും വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ ഇപ്പോൾ ഒരു ആർ.ടി. ഓഫീസ് മാത്രമാണുള്ളത്. വളരെ അടിയന്തരമായി തൃശ്ശൂർ ജില്ലയിൽ ഒരു റൂറൽ ആർ.ടി. ഓഫീസ് കൂടി സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ഇരിങ്ങാലക്കുടയിലെ സബ് ആർ.ടി.ഓഫീസ് അപ്ഗ്രേഡ് ചെയ്ത് റൂറൽ ആർ.ടി. ഓഫീസായി മാറ്റിയാൽ വളരെ

പ്രയോജനകരമായിരിക്കും. ഇപ്പോൾ തൃശ്ശൂർ ജില്ലയിൽ പോലീസ് വിഭാഗത്തിൽ ഒരു റൂറൽ എസ്.പി. ഓഫീസ് ആരംഭിക്കുകയുണ്ടായി. തൃശ്ശൂർ ജില്ലയിലെ തെക്കൻ പ്രദേശങ്ങളുടെ മധ്യഭാഗമാണ് ഇരിങ്ങാലക്കുട. റൂറൽ ആർ.ടി. ഓഫീസിന് ആവശ്യാമയ അടിസ്ഥാന സൗകര്യങ്ങളും മറ്റു ക്രമീകരണങ്ങളും ചെയ്യാൻ തയ്യാറാണ്. ജനക്ഷേമവും ഭരണപരമായ കാര്യങ്ങളും പരിഗണിച്ച് അടിയന്തരമായി റൂറൽ ആർ.ടി. ഓഫീസ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. തോമസ് ഉണ്ണിയാടൻ, നേരത്തെ എന്നോട് സംസാരിച്ച വിഷയമാണ് ഇപ്പോൾ സബ്മിഷനായി ഉന്നയിച്ചിട്ടുള്ളത്. 9 പുതിയ ജോയിന്റ് ആർ.ടി. ഓഫീസുകൾ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ അനുവദിച്ചിരുന്നു. ആ 9 സ്ഥലത്തും ഓഫീസുകൾ തുടങ്ങിയെങ്കിൽ മാത്രമേ ടാക്സ് കളക്ഷൻ പൂർത്തിയാക്കാൻ കഴിയുകയുള്ളു. ഭരണപരമായ സൗകര്യത്തിനുവേണ്ടിയാണ് 9 ഓഫീസുകൾ വേണമെന്ന് കണ്ടെത്തിയത്. നിശ്ചയമായും അതിന് ആവശ്യമായ നടപടി സ്വീകരിക്കും. സാമ്പത്തിക പ്രശ്നങ്ങളുണ്ടെങ്കിലും ടാക്സ് കളക്ഷനുമായി ബന്ധപ്പെട്ടതായതുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കും.

## കുടിയേറ്റ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ അട്ടപ്പാടിയിലെ ആയിക്കണക്കിന് കുടിയേറ്റ കർഷകരെ സാരമായി ബാധിക്കുന്ന,

ഭൂമി ക്രയവിക്രയങ്ങൾ സംബന്ധിച്ച നിരവധി പരാതികളും പ്രശ്നങ്ങളും നിലനിൽക്കുന്നതും സർക്കാർ അവ രമ്യമായി പരിഹരിച്ച് വരുന്നതുമാണ്. അതിനിടയിൽ ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസർ 19–05–2014–ൽ എ–5030/09–ാം നമ്പരായി ഒരു ഉത്തരവ് ഇറക്കിയിരിക്കുന്നു. പ്രസ്തുത ഉത്തരവിൽ വില്ലേജ് അധികാരികൾ രേഖയും സ്ഥലവും പരിശോധിച്ച് നികുതി സ്വീകരിക്കുന്നതും കൈവശ രേഖകൾ അനുവദിക്കുന്നതുമായ ഭൂമി രജിസ്റ്റർ ചെയ്യണമെങ്കിൽ രജിസ്ട്രേഷന് ഹാജരാക്കുന്ന ആധാരത്തിൽ പറയുന്ന ഭൂമി പഴയ സർവ്വേരേഖയായ എ ആന്റ് ബി രജിസ്റ്ററിൽ ആദിവാസിയുടെ പേര് രേഖപ്പെടുത്തിയതായി കണ്ടാൽ സബ് രജിസ്ട്രാർ റവന്യൂ ഡിവിഷണൽ ഓഫീസിൽനിന്നും സ്പഷ്ടീകരണം ആവശ്യപ്പെടണമെന്ന് പറഞ്ഞിരിക്കുന്നു; അതിൽ തെറ്റില്ല. എന്നാൽ പ്രസ്തുത സ്പഷ്ടീകരണമോ ഭൂമി കൈമാറ്റത്തിന് നിരാക്ഷേപമറിയിച്ചുകൊണ്ടുള്ള സാക്ഷ്യപത്രമോ നൽകുവാൻ ആർ.ഡി.ഒ. തയ്യാറാകുന്നില്ല. അത്തരത്തിലുള്ള ക്വറി വന്നാൽ ആ രജിസ്ട്രേഷൻ മുടങ്ങുകയാണ്. 1999–ലെ കെ.എസ്.ടി. ആക്ടിനെക്കുറിച്ചുള്ള ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയിൽ 1986 ജനുവരി 24–ന് ശേഷമുള്ള രജിസ്ട്രേഷനുകൾ അസാധുവാക്കുവാൻ നിർദ്ദേശമുണ്ട്. പ്രസ്തുത വിധി അവിടത്തെ സാധാരണ ജനങ്ങൾ അംഗീകരിക്കുവാൻ തയ്യാറാണ്. 01–01–1960 മുതൽ 24–01–1986 വരെ ആദിവാസികളിൽനിന്നും വാങ്ങിയിട്ടുള്ള 2 ഹെക്ടർ വരെയുള്ള സ്ഥലം കർഷകർക്ക് കൈവശം വയ്ക്കാമെന്നും ബാക്കിയുള്ളത് ആദിവാസികൾക്ക് വിട്ടുകൊടുക്കണമെന്നുമാണ് നിയമം. അതിലും കർഷകർക്ക് യാതൊരു പ്രയാസവുമില്ല. എന്നാൽ ഇക്കാരണത്താൽ എ ആന്റ് ബി രജിസ്റ്ററിൽ ആദിവാസി സർവ്വേയിലുള്ള മുഴുവൻ

ഭൂമിയുടെയും നികുതി എടുക്കേണ്ടതില്ലെന്ന് ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവിട്ടിരിക്കുന്നു. ഇതുമൂലം കർഷകർ തങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട വിവാഹം, വിദ്യാഭ്യാസം, ആശുപത്രി മുതലായ കാര്യങ്ങൾക്ക് വില്ലേജ് ഓഫീസിൽനിന്നും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനോ കരമടയ്ക്കുന്നതിനോ സാധിക്കാതെ ബുദ്ധിമുട്ടുകയാണ്. ഇതിനൊരു പരിഹാരമുണ്ടാകണം. മറ്റൊരുകാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് അട്ടപ്പാടിയിൽ ആദിവാസികളും അല്ലാത്തവരും തമ്മിലുള്ള ഭൂമിയുടെ അവകാശം സംബന്ധിച്ച തർക്കമുള്ളത്, ആർ.ഡി.ഒ കോടതി മുമ്പാകെ നിലവിലുള്ള 127 കേസ്സുകളിൽ മാത്രമാണ്. ഇതല്ലാതെയുള്ള ഭൂമിയുടെമേൽ അനാവശ്യമായ നിബന്ധനകളുണ്ടാക്കുന്നത് നിയമവിരുദ്ധമാണ്. ഉദ്യോഗസ്ഥരിൽ ചിലരുടെ നിഗൂഢതാൽപ്പര്യമാണ് ഇതിനുപിന്നിലുള്ളത്. ഈ 127 കേസ്സുകൾ നടത്തി ഭൂമി ആദിവാസികൾക്കുള്ളതാണോ വന്തവാസികൾക്കുള്ളതാണൊയെന്ന് തീർപ്പുകൽപ്പിക്കട്ടെ. ഇതിനിടയിൽ അനാവശ്യമായ പുതിയ നിയമങ്ങൾ ആർ.ഡി.ഒ.യും കലക്ടറും ഉണ്ടാക്കുകയാണ്. അതിനാരാണ് അവർക്ക് അനുവാദം കൊടുത്തത്? ഇതോടൊപ്പം ഒരു കാര്യം കൂടി ശക്തമായി പറയാനുള്ളത്, ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യാനുള്ള ഭൂമി അട്ടപ്പാടിയിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അട്ടപ്പാടിയിൽവന്ന സമയത്ത് അത് പെട്ടെന്ന് പരിഹരിക്കാമെന്നും റവന്യൂ വകുപ്പു മന്ത്രി അട്ടപ്പാടിയിൽ വന്ന് അദാലത്ത് നടത്താമെന്നും പറഞ്ഞിരുന്നതാണ്. അക്കാര്യത്തിൽ റവന്യൂ വകുപ്പ് ഒന്നും ചെയ്തിട്ടില്ല. അടിയന്തര നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കണം. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി കിട്ടണം. എന്നാൽ ആദിവാസികളുടെ പേരുപറഞ്ഞ് കുടിയേറ്റ കർഷകരെ

പീഡിപ്പിക്കുന്ന നടപടി റവന്യൂ അധികൃതർ അവസാനിപ്പിക്കുകയും വേണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, അട്ടപ്പാടിയിലെ കർഷകർ കൈവശം വച്ചുവരുന്നതും നികുതിയടച്ചുവരുന്നതുമായ സ്ഥലം കൈമാറ്റം തടഞ്ഞുകൊണ്ടും നികുതി സ്വീകരിക്കുന്നത് തടഞ്ഞുകൊണ്ടും പുതിയ ഉത്തരവുകളൊന്നും ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസർ നൽകിയിട്ടില്ല. പൊതുവായി കർഷകരിൽ നിന്ന് നികുതി സ്വീകരിക്കരുതെന്നോ ഭൂമി കൈമാറ്റം നിർത്തിവയ്ക്കുന്നതിനോ ആവശ്യപ്പെട്ടിട്ടില്ല. അട്ടപ്പാടിയിലെ അഞ്ച് വില്ലേജുകളിൽ പ്രിലിമിനറി സർവ്വെ രേഖ മാത്രമെ നിലവിലുള്ളൂ. അതുതന്നെ not final ആണ്. അതിൽ പട്ടികവർഗ്ഗക്കാരുടെ പേരിൽക്കാണുന്ന ഭൂമിക്കുമാത്രമെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളൂ. എ&ബി രജിസ്റ്ററിൽ പട്ടികവർഗ്ഗക്കാരുടെ പേരിലുള്ള ഭൂമിക്ക് അവരിൽ നിന്നോ അവകാശികളിൽനിന്നോ മാത്രമെ നികുതി സ്വീകരിക്കാൻ പാടുള്ളൂവെന്ന് ലാന്റ് റവന്യൂ കമ്മീഷർ 16–07–2010–ലെ എൽ.ആർ.ജെ5/11864/2010 നമ്പർ കത്തുപ്രകാരം നിർദ്ദേശം നൽകിയിരുന്നു. റവന്യൂ സർവ്വെ രേഖകളിലെ അവ്യക്തത മുതലെടുത്ത് ആദിവാസി ഭൂമി തട്ടിപ്പിനിരയാക്കുന്നത് തടയുന്നതിനും കെ.എസ്.റ്റി. ആക്ട് പ്രകാരം പട്ടികവർഗ്ഗക്കാരുടെ ഭൂമി സംരക്ഷിക്കേണ്ടതിനാലുമാണ് മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളത്. അട്ടപ്പാടിയിൽ കർഷകരെയോ ഏതെങ്കിലും പ്രത്യേക വിഭാഗം തരംതിരിച്ചോ ഒരു നിർദ്ദേശവും നിലവിലില്ല. ആദിവാസി ഭൂമി കൈവശംവയ്ക്കുന്നവർക്കു

മാത്രമെ മേൽപ്പറഞ്ഞ നിയന്ത്രണം ബാധകമാകുകയുള്ളൂ. അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുവാനും പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യാധീനപ്പെടുന്നത് തടയുവാനും പ്രസ്തുത നിയന്ത്രണം തുടർന്നും അനിവാര്യമാണ്.

## അടിസ്ഥാന സൗകര്യം ആരംഭിക്കേണ്ടതിന്റെ ആവശ്യകത

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ)

മി. ചെയർമാൻ: ഇതേ വിഷയത്തിൽ ശ്രീ. എ. റ്റി. ജോർജ്ജും ശ്രീ. ആർ. സെൽവരാജും നോട്ടീസ് നൽകിയിരുന്നു.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, വളരെ പ്രധാനപ്പെട്ട കാര്യമാണെന്ന് ഇപ്പോൾ അങ്ങേയ്ക്ക് ബോദ്ധ്യമായല്ലോ. കഴിഞ്ഞ നിയമ സഭാ തെരെഞ്ഞെടുപ്പുകാലത്ത് ഐക്യജനാധിപത്യമുന്നണി തെരെഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പാവപ്പെട്ട നാടാർ സുമദായത്തിന്റെ പ്രശ്നം പരിഹരി ക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കുമെന്ന് പറഞ്ഞിരുന്നു. ആ കമ്മീഷനെ നിയോഗിക്കുമെന്നുപറയുക മാത്രമല്ല, ആ കമ്മീഷനെ വയ്ക്കുന്നതിനുവേണ്ടി കുറെയേറെ ചർച്ചകളൊക്കെ നടന്നു, അതിന്റെ വിശാദംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഒരു കമ്മീഷനെ നിയോഗിച്ചു, പക്ഷെ പല്ലും നഖവുമില്ലാത്ത ഒരു കമ്മീഷനെ ആവശ്യമുണ്ടോ? ആ കമ്മീഷൻ ഇന്ന് യാതൊരു ഉത്തരവാദിത്വവുമില്ലാത്ത രീതിയിലാണ്. ആ കമ്മീഷന് ഓഫീസ്പോലും അനുവദിച്ചിട്ടില്ല. അവസാനം കമ്മീഷൻ ആവശ്യപ്പെട്ടപ്പോൾ ഒരു ഓഫീസും രണ്ട് സ്റ്റാഫുകളെയും കൊടുത്തു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ബഹുമാനപ്പെട്ട കോടതി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽനിന്ന് ആളുകളെ വിളിച്ചുവരുത്തി ചോദ്യം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കി പാവപ്പെട്ട

നാടാർ സമുദായത്തിന് ഉന്നമനമുണ്ടാക്കേണ്ട കമ്മീഷനാണ്. ആ കമ്മീഷനെ അനങ്ങാൻ സമ്മതിക്കാത്ത രീതിയിൽ എന്തിന് ഇങ്ങനെ വച്ചിരിക്കുന്നു? ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായരെ ഏകാംഗ കമ്മീഷനായി 04–05–2013–നാണ് നിയമിച്ചത്. ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായർ കമ്മീഷനായി വന്നതിനുശേഷം വളരെ വിനയത്തോടുകൂടി ഇവിടെയൊന്നും ചെയ്യാൻ സാധിക്കില്ല, എന്തെങ്കിലും നിയമമനുസരിച്ച് ചെയ്യണമെങ്കിൽ പ്രത്യേകിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി, സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, വിവിധ വകുപ്പുതലവന്മാരുടെ ഓഫീസുകൾ എന്നിവിടങ്ങളിൽനിന്ന് സ്ഥിതിവിവര കണക്കുകൾ വരുത്തേണ്ടതുകൊണ്ടും സാക്ഷികളെ വിളിച്ചുവരുത്തി തെളിവെടുക്കേണ്ടതുകൊണ്ടും കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് അനുസരിച്ച് ഈ കമ്മീഷനെ പുനർനിയമിക്കണമെന്നാവശ്യപ്പെട്ട് 11–11–2013–ൽ സർക്കാരിന് കത്തെഴുതി. രണ്ടുമൂന്നു സ്റ്റാഫുകളെകൊടുത്തുവെന്നതാണ് അതുകൊണ്ടുണ്ടായ ഗുണം. ഇപ്പോൾ വന്നിരിക്കുന്ന ഗതികേടെന്താണ്; ആ സമൂഹത്തെ എല്ലാ കാലഘട്ടങ്ങളിലും വഞ്ചിക്കുകയല്ലേ? അപ്പുറമിപ്പുറവുമിരിക്കുന്ന രണ്ട് കൂട്ടരും വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. ഒളിച്ചുവച്ചിട്ട് കാര്യമെന്താണ്? തിരുവനന്തപുരം ജില്ലയിൽത്തന്നെ ഏഴ് നിയോജക മണ്ഡലങ്ങളിൽ നിർണ്ണായകമായി വോട്ട് ഈ സുമദായത്തിനുണ്ടെന്നുമാത്രമല്ല, ആര് എം.എൽ.എ. ആകണമെന്ന് തീരുമാനിക്കുന്നതിന് കഴിവുള്ള ഒരു സമൂഹമാണത്. ഇടുക്കി ജില്ലയിൽ പീരുമേടുൾപ്പെടെ 2.5 ലക്ഷം വോട്ടർമാർ നാടാർ സമുദായത്തിലുണ്ട്. പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ അയ്യായിരത്തോളം വോട്ടർമാർ ഈ സമുദായത്തിലുണ്ട്. പക്ഷെ അവർ സംഘടിതരല്ലാത്തതുകൊണ്ട് നമ്മൾ

രണ്ടുമുന്നണികളും കബളിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിലൊരു ഉത്തരവാദിത്വം കാണിക്കണം. ആ നിലയ്ക്ക് നാടാർ സമുദായത്തിന്റെ പിന്നോക്കാവസ്ഥയെക്കുറിച്ച് സമഗ്രമായി പഠിക്കുവാനും ഈടുറ്റതും വസ്തുതാപരമായ ഒരു റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാനും കമ്മീഷന് അവസരവും സ്വാതന്ത്ര്യവും നൽകണം. അതിന് ഈ കമ്മീഷന്റെ നിയമനം കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് അനുസരിച്ച് തന്നെയാകണം. വെറുതെ കമ്മീഷനെ നിയമിച്ചിട്ട് കാര്യമില്ല. പല്ലും നഖവുമില്ലാത്ത ഒരു കമ്മീഷനായി എന്തിനു കൊണ്ടുപോകുന്നു? അതുകൊണ്ട് ഈ സമുദായത്തിന്റെ പിന്നോക്കാവസ്ഥ പഠിച്ച് അതിനൊരു തീരുമാനമുണ്ടാക്കികൊടുക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഈ കമ്മീഷനെ കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് അനുസരിച്ചുതന്നെ നിയമിക്കണം. ബഹുമാനപ്പെട്ട മന്ത്രിയോടെനിക്ക് പറയാനുള്ളത്, മന്ത്രി നല്ല മനസ്സുള്ളയാളാണ്. പക്ഷെ എന്താണ് പറ്റിയതെന്നറിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയില്ലാത്തതിൽ എനിക്കു ദുഃഖമുണ്ട്. അദ്ദേഹം പറഞ്ഞിട്ട് ഞാൻതന്നെ കത്തെഴുതി നാടാർ സമുദായത്തിന് കൊടുത്തതാണ്. അതിന്റെ അവസരമെന്നായിരുന്നുവെന്ന് ഞാനീ സഭയിൽ പറയുന്നില്ല. അത്രമാത്രം ഒരു സമൂഹത്തെ കബളിപ്പിക്കാൻ പാടില്ല. അതു തെറ്റാണ്. അത് തെറ്റാണെന്ന് അറിഞ്ഞുകൊണ്ടാണ് ഞാൻതന്നെ ഈ സബ്മിഷൻ ഉന്നയിച്ചത്. വളരെ നിർബന്ധമായും ഈ കമ്മീഷന് പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണമെന്ന് ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. എ. പി. അനിൽകുമാർ)</u>: സർ, നാടാർ സമുദായ

ത്തിന്റെ പിന്നോക്കാവസ്ഥ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 04-05-2013-ലെ സർക്കാർ ഉത്തരവുപ്രകാരം റിട്ടയേർഡ് ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായരെ ഏകാംഗ കമ്മീഷനായി നിയമിക്കുകയുണ്ടായി. തുടർന്ന് 29-10-2013-ലെ സർക്കാർ ഉത്തരവുപ്രകാരം കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചുനൽകുകയുണ്ടായി. താഴെപ്പറയുന്ന കാര്യങ്ങൾ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നാലഞ്ച് കാര്യങ്ങളുള്ളതുകൊണ്ട് ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. തുടർന്ന് കമ്മീഷന്റെ പ്രവർത്തനങ്ങൾ കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് പ്രകാരമായിരിക്കണമെന്നതുൾപ്പെടെ പത്ത് ആവശ്യങ്ങൾ കമ്മീഷൻ ചെയർമാൻ ഉന്നയിക്കുകയുണ്ടായി. ഇക്കാര്യം പരിശോധിക്കുകയും മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 31-05-2014-ലെ സർക്കാർ ഉത്തരവുപ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിക്കുകയും ചെയ്തു. കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയും അസ്സിസ്റ്റന്റ്, ടൈപ്പിസ്റ്റ് എന്നിവയിൽ ഓരോ തസ്തിക വീതവും അനുവദിച്ചു. മേൽപ്പറഞ്ഞ തസ്തികകളിൽ സർക്കാർ സർവ്വീസിൽനിന്നും പെൻഷനായവരെ പുനർനിയമനം വഴി കോ-ടെർമിനസ് വ്യവസ്ഥയിൽ നിയമിക്കുന്നതിനും കമ്മീഷന് അനുമതി നൽകി. കമ്മീഷന്റെ പ്രവർത്തന കാലയളവിൽ വാഹനം ഉപയോഗിക്കുന്നതിനായി പ്രതിമാസം 200 ലിറ്റർ ഡീസൽ അനുവദിച്ചു. കമ്മീഷന്റെ കാലാവധി കമ്മീഷന് വേണ്ട ഓഫീസ് സ്റ്റാഫും ഓഫീസ് സെറ്റപ്പും നൽകുന്ന തീയതി മുതൽ ആറുമാസമായി നിശ്ചയിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനായി ഇന്റർനെറ്റ് കണക്ഷനോടുകൂടിയ ടെലിഫോൺ അനുവദിച്ചു. കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ

സ്ഥലം കണ്ടെത്തുന്നതിന് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് പ്രകാരമുള്ള അധികാരം കമ്മീഷന് നൽകണമെന്ന ആവശ്യവും ഗവൺമെന്റിന്റെ മുന്നിൽവരികയും അത് പരിശോധിക്കുകയുമുണ്ടായി. മോസ്റ്റ് ബാക്ക്വാർഡ് കമ്മ്യൂണിറ്റി ഫെഡറേഷൻ ഉൾപ്പെടുന്ന സമൂദായംഗങ്ങളുടെ പിന്നോക്കാവസ്ഥ പഠിക്കുന്നതിന് നിയോഗിച്ച ശ്രീ. പി. പി. ഗോപി കമ്മീഷനും, വിശ്വകർമ്മ സമുദായത്തിന്റെ പിന്നോക്കാവസ്ഥ പഠിക്കുന്നതിന് നിയോഗിച്ച ഡോ. പി. എൻ. ശങ്കരൻ കമ്മീഷനും കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് പ്രകാരമുള്ള അധികാരം നൽകിയിരുന്നില്ല. സമാനമായ വിഷയങ്ങൾ പഠിക്കുന്നതിന് നിയോഗിക്കപ്പെട്ടിരുന്ന കമ്മീഷനുകളുടെ നിയമനം 1952–ലെ കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് പ്രകാരമായിരുന്നില്ല എന്നുള്ളതുകൊണ്ട് നാടാർ സമുദായത്തിന്റെ കാര്യത്തിൽ മാത്രം മേൽപ്പറഞ്ഞ ആക്ട് പ്രകാരം കമ്മീഷനെ നിയമിക്കുന്നത് വിവേചനമായി വ്യാഖ്യാനിക്കപ്പെട്ടേക്കാമെന്നുള്ളതുകൊണ്ടും കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് അനുസരിച്ച് കമ്മീഷനെ നിയമിക്കുന്നത് അത്യന്തം പൊതുപ്രാധാന്യമുള്ള പ്രത്യേക കാര്യത്തിന് വേണ്ടിയാകണമെന്നുള്ള കാര്യവുംകൂടി കണക്കിലെടുത്താണ് കമ്മീഷന് കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് പ്രകാരമുള്ള അധികാരം നൽകാതിരുന്നത്. എങ്കിൽപ്പോലും 31–05–2014–ലെ ഉത്തരവിനെത്തുടർന്ന് കമ്മീഷൻ ആവശ്യപ്പെട്ട രീതിയിലുള്ള പ്രവർത്തന സൗകര്യങ്ങൾ ലഭ്യമാക്കാത്തതിൽ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ടുള്ള കത്ത് ഗവൺമെന്റിന് ലഭിക്കുകയുണ്ടായി. ഇക്കാര്യം വിശദമായി പരിശോധിച്ച് പരമാവധി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നതാണ്.

## വായ്പ എഴുതിത്തള്ളൽ

ശ്രീ. പുരുഷൻ കടലുണ്ടി: സർ, പട്ടികജാതി/പട്ടിക വർഗ്ഗക്കാർ ബാങ്കുകളിൽനിന്നും എസ്.സി./എസ്.ടി കോർപ്പറേഷനുകളിൽനിന്നും എടുത്തിട്ടുള്ള കാർഷിക ഭവന വായപകൾ എഴുതിത്തള്ളാനും 5 ലക്ഷം വരെയുള്ള വായ്പകളുടെ പലിശ ഇളവ് ചെയ്യണമെന്നും ആവശ്യപ്പെടുന്നതാണ് എന്റെ സബ്മിഷൻ. കാർഷിക മേഖലയുടെ തകർച്ച, വിലവർദ്ധനവ്, ഉത്പന്നങ്ങൾക്ക് വിലകിട്ടാത്ത അവസ്ഥ, വിദ്യാഭ്യാസ ലോൺ കിട്ടാത്ത അവസ്ഥ, ലോൺ തിരിച്ചടയ്ക്കാൻ വരുന്ന കാലതാമസം, ലംപ്സംഗ്രാന്റ് മുറയ്ക്ക് കിട്ടാത്ത അവസ്ഥ, ഇതൊക്കെകാരണം ജീവിത ബഡ്ജറ്റ് തകർന്ന് പ്രതീക്ഷകളും സ്വപ്നങ്ങളും തകർന്ന അവശിത വർഗ്ഗത്തെ രക്ഷിക്കണം. ഞാൻ ഒരു ഉദാഹരണം പറയാം. രോഗിയായ ഒരച്ഛനും അമ്മയും ഇ.എം.എസ്. ഭവന പദ്ധതിയിലൂടെ ലഭിച്ച പണിതീരാത്ത ചോർന്നൊലിക്കുന്ന വീട്ടിലിരുന്ന് ഓരോ ദിവസവും രാത്രി ചർച്ച ചെയ്യുന്നത് കുടുംബ പ്രാരാബ്ധം മാത്രമല്ല, പുതിയൊരു പ്രതീക്ഷ നൽകാത്ത കാര്യങ്ങളാണ്. ഇത് കേട്ടുകൊണ്ടിരിക്കുന്നത് പ്രായപൂർത്തിയായ രണ്ട് പെൺകുട്ടികളാണ്. ഒരു ദിവസം പ്രാരാബ്ധങ്ങളുടെ കെട്ടഴിക്കുന്ന ചർച്ചകൾകൂടാതെ ഈ ജന്മം വീട് പൂർത്തിയാക്കാനാവില്ലായെന്ന ഗൃഹനാഥന്റെ സംസാരം കേട്ട് പിറ്റേദിവസം നോക്കുമ്പോൾ മൂത്ത പെൺകുട്ടി ആത്മഹത്യ ചെയ്തിരിക്കുന്നു. ആ കുട്ടി നന്നായി പഠിക്കുക മാത്രമല്ല നല്ലൊരു കലാകാരികൂടിയായിരുന്നു. ആ വാർത്ത കേട്ട് ഗ്രാമം ഞെട്ടി. ബാങ്കിൽനിന്നും തുടർ പഠനത്തിന് ലോൺ കിട്ടാത്ത വിഷമം, അച്ഛനമ്മമാരുടെ നിസ്സാഹായവസ്ഥ, അനിയത്തിയെങ്കിലും രക്ഷപ്പെടട്ടെ

യെന്ന ചിന്ത ഇതൊക്കെയായിരുന്നു ആത്മഹത്യാകുറിപ്പിലുണ്ടായിരുന്നത്. ഇത് ഒരു പ്രദേശത്തെ അവസ്ഥ മാത്രമല്ല, പല പ്രദേശങ്ങളിലേയും അവസ്ഥ ഇതാണെന്നാണ് നമ്മുടെ പത്രവാർത്തകൾ കാണിക്കുന്നത്. ഇതാണ് കേരള ത്തിലെ ഏകദേശം പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിലേയും അവസ്ഥ. പട്ടികജാതി/പട്ടികവർഗ്ഗക്കാർ വർഗ്ഗപരമായി സംഘടിക്കുന്ന കാലഘട്ട മാണിത്. സംവരണം നടപ്പിലാക്കണം, ഇത്തരക്കാരുടെ ലോൺ എഴുതി ത്തള്ളണം എന്ന മുദ്രാവാക്യവുമായി എം.എൽ.എ. എന്ന നിലയിൽ എന്റെ വീട്ടിൽ ഈ സംഘാടകർ മാർച്ച് നടത്തിയിരുന്നു. ഈ കാര്യം മന്ത്രിയുമായി സംസാരിച്ചപ്പോൾ മന്ത്രിയുടെ വീട്ടിലേയ്ക്കും അങ്ങനെയൊരു മാർച്ച് നടത്തിയെന്നാണ് അറിയാൻ കഴിഞ്ഞത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇത് ഗൗരവമായി കണ്ട് ഇത്തരം പ്രശ്നങ്ങൾക്ക്വേണ്ട നടപടിയെടുക്കണ മെന്നാണ് എനിക്ക് പറയാനുള്ളത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) : സർ, സംസ്ഥാനത്തെ പട്ടിക ജാതി/പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങ ളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശികയായ 25,000 രൂപവരെയുള്ള കുടിശ്ശിക എഴുതിതള്ളുന്നതിനും അതിനുമുകളിലുള്ള തുകയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്ത വണയായി തീർപ്പാക്കുന്നതിനും 12-11-2009-ലെ ഉത്തരവ് പ്രകാരം കഴിഞ്ഞ ഗവണ്മെന്റ് നടപ്പാക്കിയിരുന്നു. തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്ന

ശേഷം പ്രസ്തുത ഉത്തരവിന്റെ കാലാവധി പലഘട്ടങ്ങളിലായി 31-12-2012-വരെ ദീർഘിപ്പിച്ചുനൽകിയിരുന്നു. പിന്നീട് ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽപേർക്ക് ലഭിക്കത്തക്കവിധം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി /പട്ടികവർഗ്ഗ വികസനകോർപ്പറേഷൻ, വ്യാവസാക വാണിജ്യ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമവ്യവാസായ ബോർഡ് എന്നിവയിൽനിന്ന് എടുത്തിട്ടുള്ളതും 31-03-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 50,000 രൂപവരെയുള്ള കുടിശ്ശികകൂടി എഴുതിത്തള്ളുന്നതിന് 10-12-2013-ലെ സർക്കാർ (പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്) ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻവഴി നടപ്പാക്കിവരികയാണ്. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്നും ആദ്യകാലംമുതൽ നൽകിയിട്ടുള്ള എല്ലാ ഭവന നിർമ്മാണ വായ്പകളും പൂർണ്ണമായും എഴുതിത്തള്ളുന്നതിനും അതുമൂലം കോർപ്പറേഷനുണ്ടാകുന്ന ബാധ്യത സർക്കാരിൽനിന്നും അനുവദിച്ചുനൽകണമെന്നുമാവശ്യപ്പെട്ട് കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 25,000 രൂപവരെയുള്ള കുടിശ്ശിക കഴിഞ്ഞ ഗവണ്മെന്റ് എഴുതിത്തള്ളി. 2006-വരെയുള്ള 50,000 രൂപവരെയുള്ള കുടിശ്ശിക ഈ ഗവണ്മെന്റും എഴുതിത്തള്ളി. അത് കൂടാതെ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിയും കഴിഞ്ഞ നിയമസഭയിലെ മുൻ മന്ത്രികൂടിയായ ശ്രീ. എ. കെ. ബാലനും ഒരു ലക്ഷം രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്നതിനെക്കുറിച്ച് തീരുമാനമെടുത്തിരുന്നു. ഈ ഗവണ്മെന്റിന്റെ മിഷൻ 676-ൽ ഒരു പദ്ധതി അതാണ്. 2008 മാർച്ച് 31 വരെ സഹകരണ

സ്ഥാപനങ്ങളുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽനിന്ന് എസ്.സി വിഭാഗങ്ങളെടുത്ത ഒരു ലക്ഷം രൂപവരെയുള്ള കടങ്ങൾ ഈ വർഷം എഴുതിത്തള്ളുവാനും 2010 മാർച്ച് 31 വരെയുള്ള കടങ്ങൾ ഒരു ലക്ഷം രൂപവരെ പരിധി വച്ചുകൊണ്ട് അടുത്തവർഷം എഴുതിത്തള്ളുവാനും ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ : സർ, ഈ സർക്കുലർ നമ്മുടെ എല്ലാ സഹകരണസ്ഥാപനങ്ങളിലും സർക്കുലേറ്റ് ചെയ്യുമോ?

ശ്രീ. എ. പി. അനിൽകുമാർ : സർ, ഗവണ്മെന്റെടുത്ത തീരുമാനം സഹകരണ വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്. അത് സഹകരണ സ്ഥാപനങ്ങളിലേയ്ക്ക് സർക്കുലേറ്റ് ചെയ്യാൻ സഹകരണ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടാം.

## ഇരട്ട വീടുകൾ ഒറ്റവീടായി പുനർനിർമ്മിക്കൽ

ശ്രീ. പി. എ. മാധവൻ : സർ, സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്ന മത്സ്യത്തൊഴിലാളി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ അക്ഷരാർത്ഥത്തിൽ പരിതാപകരമാണ്. പലസ്ഥലങ്ങളിലും അരനൂറ്റാണ്ടിനുമുമ്പ് നിർമ്മിച്ച ഇരട്ട വീടുകളാണ് മത്സ്യത്തൊഴിലാളി കോളനികളായി ഇപ്പോഴും നിലനിൽക്കുന്നത്. ചോർന്നൊലിച്ചും ചുമരിടിഞ്ഞുവീണും ഈ വർഷക്കാലത്തെ ആശങ്കയുടെ അടിത്തറയിന്മേലാണ് ഇപ്പോൾ അവരുടെ ജീവിതം നിലകൊള്ളുന്നത്. മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വാടാനപ്പിള്ളിയിലെ മത്സ്യത്തൊഴിലാളി കോളനി പുരാതനമായ മത്സ്യത്തൊഴിലാളി കോളനിയായി ഇപ്പോഴും നിലനിൽക്കുന്നു. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പ് മന്ത്രിയുടെ നിയോജകമണ്ഡലത്തിലും

എന്റെ അറിവിൽപ്പെട്ടിടത്തോളം ഇരട്ടവീടുകളായി നിലകൊള്ളുന്ന ഒരു ഫിഷർമെൻ കോളനി നിലവിലുണ്ട്. ആശങ്കയിൽ നിലകൊള്ളുന്ന ഈ വീടുകളിലെ താമസക്കാരെക്കുറിച്ച് പറയുകയാണെങ്കിൽ ഈ വീട് പണിതതിനു ശേഷമുള്ള മൂന്നാമത്തെ തലമുറ ഇപ്പോൾ ഈ വീട്ടിനുള്ളിൽ ഒതുങ്ങിക്കൂടുകയാണ്. മത്സ്യത്തൊഴിലാളി കോളനികളിൽ ഇപ്പോൾ നിലവിലുള്ള ഇരട്ട വീടുകൾക്ക് പകരം ഒറ്റ വീടുകളാക്കി പുനർനിർമ്മാണം നടത്തണം. ഇന്നത്തെ സാഹചര്യത്തിൽ കെട്ടിടനിർമ്മാണ സാമഗ്രികളുടെ വലിയ വില വർദ്ധനവ് കണക്കിലെടുത്ത് ഒരു ചെറിയ വീടെങ്കിലും വയ്ക്കണമെങ്കിൽ മത്സ്യത്തൊഴിലാളി കോളനികളിലെ വീടുകൾക്ക് കൊടുക്കുന്ന കേവലം രണ്ട് ലക്ഷം രൂപ അപര്യാപ്തമാണ്. വാടാനപ്പിള്ളിയിലെ മത്സ്യത്തൊഴിലാളി കോളനി ഒരു മാതൃക കോളനിയായി പുനർനിർമ്മിക്കണമെന്ന വിനീതമായ ഒരപേക്ഷയുണ്ട്. അതോടൊപ്പംതന്നെ വാടാനപ്പിള്ളി ഗ്രാമപഞ്ചായത്തിനെ മത്സ്യത്തൊഴിലാളി ഗ്രാമ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ദയവുണ്ടാകണം. വാടാനപ്പിള്ളി ഫിഷർമെൻ കോളനി സന്ദർശിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഒരു അവസരം കണ്ടെത്തണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. അരനൂറ്റാണ്ട് മുമ്പ് കേരളത്തിൽ വിവിധ ജില്ലകളിലായി മത്സ്യത്തൊഴിലാളി കോളനികൾ സ്ഥാപിക്കുകയുണ്ടായി. പഴയ ലക്ഷംവീടുകൾപോലെ ആ കോളനികൾ ഇരട്ട വീടുകളാണ്. ആ വീടുകൾ ഇന്ന് വളരെയേറെ ജീർണ്ണിച്ച അവസ്ഥയിലുമാണ്. ഡിപ്പാർട്ടുമെന്റിന്റെ കണക്കനുസരിച്ച്

14 കോളനികളാണ് കേരളത്തിലുള്ളത്. തിരുവനന്തപുരത്ത് ന്യൂ കോളനി പൂന്തുറ; വെള്ളമണൽ കോളനി പരിത്തിയൂർ, പൊഴിയൂർ; കൊല്ലം ജില്ല യിലെ കല്ലേലിവയൽ പുരയിടം തങ്കശ്ശേരി; ന്യൂകോളനി പള്ളിത്തോട്ടം; ആലപ്പുഴയിലെ മണപ്പുറം ഫിഷർമെൻ കോളനി തൈക്കാട്ടുശ്ശേരി, തേവർവട്ടം; ചാപ്പാക്കടവ് പള്ളിത്തോട്; എറണാകുളം ജില്ലയിൽ ഫോർട്ട് കൊച്ചി സെന്റ് ജോൺപാട്ടം ഫിഷർമെൻ കോളനി; ഉദയംപേരൂർ ഫിഷർമെൻകോളനി, മണകുന്നം വില്ലേജ്; തൃശ്ശൂർ വാടാനപ്പിള്ളി ഫിഷർമെൻ കോളനി; മലപ്പുറം ചീരാൻ കടപ്പുറം ഫിഷർമെൻ കോളനി; കോഴിക്കോട് പുതിയാപ്പാ ഫിഷർമെൻ കോളനി; കണ്ണൂർ ഗോപാലപ്പേട്ട ചാലിൻ; കാസർഗോഡ് കോയിപ്പാട് ഫിഷർമെൻ കോളനി; പത്തനംതിട്ട ചാമക്കാലൻ ഫിഷർമെൻ കോളനി, കടപ്പുറം. ഇങ്ങനെ 14 കോളനികളിലായി 713 ഇരട്ട വീടുകളുണ്ട്. ഈ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഇപ്പോൾ പദ്ധതികൾ തയ്യാറാക്കികഴിഞ്ഞു. ഇതിന്റെ ഭാഗമായി ഉദ്യോഗസ്ഥർ ഓരോ കോളനിയിലും ഒറ്റ വീടുകളാക്കുന്നതിനുള്ള സാധ്യത പരിശാധിച്ച് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. മത്സ്യത്തൊഴിലാളി കോളനി കളിലെ സാധ്യതയുടെയും അഭിപ്രായ സമന്വയത്തിന്റെയും അടിസ്ഥാന ത്തിൽ ഈ വിടുകൾ ഒറ്റ വീടാക്കുന്നതിന് ഓരോ മത്സ്യത്തൊഴിലാളിക്കും 2 ലക്ഷം രൂപ വീതം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ തുക കൂട്ടാൻ നിർവ്വാഹമില്ല. കാരണം, ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെയും മറ്റ് വിവിധ ഡിപ്പാർട്ടുമെന്റുകളിലെയും ഭവന നിർമ്മാണ പദ്ധതിക്ക് 2 ലക്ഷം രൂപ യാണ് കൊടുക്കുന്നത്. അതുകൊണ്ട് ഇവിടെമാത്രം വർദ്ധിപ്പിക്കാൻ പ്രയാസ

മാണ്. ഏതായാലും ഈ 713 വീടുകളും 2 ലക്ഷം രൂപവീതം കൊടുത്ത് ഒറ്റ വീടുകളാക്കുന്ന നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മറ്റൊരു പ്രശ്നം അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ വാടാനപ്പിള്ളി പഞ്ചായത്ത് സംയോജിത മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ്. സംയോജിത മത്സ്യഗ്രാമം പദ്ധതിയിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. ആ ഇനത്തിൽ 2 കോടി രൂപ ചെലവാക്കാൻ സാധിക്കും. കോളനി സന്ദർശിക്കണമെന്ന ആവശ്യം അദ്ദേഹം പറഞ്ഞു. അത് സമയമനുസരിച്ച് പരിശോധിക്കാവുന്നതാണ്.

<u>വാക്സ് മ്യൂസിയം</u>

<u>ശ്രീ. എം. ഉമ്മർ</u>: സർ, കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമെന്ന് വിശേഷിപ്പിക്കപ്പെടുന്ന തൃശ്ശൂരിൽ നിലവിലുള്ള മ്യൂസിയം കൂടുതൽ ആകർഷകമാക്കുന്നതിന് വേണ്ടി ഒരു വാക്സ് മ്യൂസിയം സ്ഥാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ തനത് കലാരൂപങ്ങളും പാരമ്പര്യമുദ്രകളും ചരിത്ര മൂഹൂർത്തങ്ങളും മെഴുകിൽ തീർത്ത് നവീകരിച്ചാൽ മ്യൂസിയം കൂടുതൽ ആകർഷണീയമായി തീരും. ലണ്ടനിലെ Madame Tussauds Museum ലോക പ്രസിദ്ധമാണ്. സിങ്കപ്പൂർ മ്യൂസിയവും അനേകായിരം ആളുകളെ ആകർഷിക്കുന്നതാണ്. മുംബൈയിലെ Lonavala Celebrity wax Museum ആയിരങ്ങളെ ആകർഷിക്കുന്നു. ജീവൻ തുളുമ്പുന്നത് എന്ന് അക്ഷരാർത്ഥത്തിൽ തോന്നിപ്പിക്കുന്ന അവയുടെ ശിൽപ്പി മലയാളിയായ ശ്രീ. സുനിൽ കണ്ടല്ലൂർ ആണ്. സർഗ്ഗ പ്രതിഭയുള്ള ഇന്ത്യയിലെ

ഏറ്റവും മികച്ച കലാകാരനാണ് ശ്രീ. സുനിൽ. അങ്ങനെയുള്ള മലയാളിയായ കലാകാരനെയടക്കം പ്രയോജനപ്പെടുത്തിക്കൊണ്ട് തൃശ്ശൂർ മ്യൂസിയം കൂടുതൽ ആകർഷകമാക്കുന്നതിന് വേണ്ടി ഒരു വാക്സ് മ്യൂസിയം സ്ഥാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, തൃശ്ശൂർ മ്യൂസിയവും മൃഗശാലയും പുത്തൂരിലേയ്ക്ക് മാറ്റുന്ന നടപടി വനംവകുപ്പിൽ ദ്രുതഗതിയിൽ നടന്നു വരികയാണ്. മൃഗശാലമാറ്റുന്ന മുറയ്ക്ക് നിലവിലുള്ള സ്ഥലത്ത് ഒരു വാക്സ് മ്യൂസിയം സ്ഥാപിക്കുന്നതാണ്. മൃഗശാല മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നീണ്ടുപോകുമെന്നതിനാൽ മൃഗശാലയിൽ വേണ്ട ആന്തരിക ക്രമീകരണങ്ങൾ നടത്തി വാക്സ് മ്യൂസിയത്തിന്റെ പണി ആരംഭിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വിശദവിവരങ്ങൾ ഇന്നത്തെ ധനാഭ്യർത്ഥന ചർച്ചയിൽ പറയുന്നതാണ്.

അടിസ്ഥാന സൗകര്യ വർദ്ധന

ശ്രീ. പി. തിലോത്തമൻ: സർ, ദേശീയ അംഗീകാരം കിട്ടിയ ചേർത്തല താലൂക്കാശുപത്രി വളരെ ഗുരുതരമായ ഒട്ടേറെ പ്രശ്നങ്ങളെ ഇന്ന് അഭിമുഖീകരിക്കുകയാണ്. ദേശീയ അംഗീകാരം ലഭിക്കുന്നതിന്റെ ഭാഗമായി നിയോഗിക്കപ്പെട്ട ജീവനക്കാർക്ക് ആദ്യം സർക്കാർ ശമ്പളം നൽകിയെങ്കിലും അതിനുശേഷം ആ തുക മുഴുവൻ ആശുപത്രി തന്നെ വഹിക്കണമെന്നാണ് ഗവൺമെന്റ് നിർദ്ദേശിച്ചത്. ആ ഇനത്തിൽ തന്നെ 7 ലക്ഷത്തിലധികം രൂപയുടെ ബാധ്യതയാണ് താലൂക്കാശുപത്രിയ്ക്ക് വഹിക്കേണ്ടി വരുന്നത്.

ആവശ്യമുള്ള മരുന്നുകൾ ആശുപത്രിയിൽ ലഭ്യമല്ലെങ്കിൽ പുറത്തുനിന്ന് വാങ്ങി ആരോഗ്യ ഇൻഷ്വറൻസുള്ള രോഗികൾക്ക് നൽകുമായിരുന്നു. എന്നാൽ ഇന്ന് അങ്ങനെ നൽകാൻ കഴിയുന്നില്ല. ഇതിനായി ടൈഅപ് ചെയ്തിരുന്ന മെഡിക്കൽ സ്റ്റോറുകൾ മരുന്ന് നൽകുന്നില്ല. അവർക്ക് ആ ഇനത്തിൽ 75 ലക്ഷത്തിലധികം രൂപയുടെ ബാധ്യതയുണ്ട്. അതേസമയം ഇൻഷ്വറൻസ് കമ്പനി തർക്കങ്ങൾ ഉന്നയിക്കുകയാണ്. ആശുപത്രിയിലേയ്ക്കാവശ്യമായ പാൽ നൽകിയിരുന്നത് മിൽമയാണ്. ഇപ്പോൾ മിൽമ അതിന്റെ സപ്ലൈ നിർത്തിവച്ചിരിക്കുകയാണ്. അവർക്കും വലിയ തുക കൊടുത്തു തീർക്കാനുണ്ട്. ജൂൺ മാസം ആയിട്ടും ഇതുവരെയായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ആശുപത്രിക്കാവശ്യമായ മരുന്ന് ഏൽപ്പിച്ചിട്ടില്ല. അതിനാൽ ഗുരുതരമായ അവസ്ഥയാണ് സംജാതമായിരിക്കുന്നത്. കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിയുടെ ഫണ്ട് ഉപയോഗപ്പെടുത്തി ട്രോമാ കെയർ യൂണിറ്റിന്റെ ഉദ്ഘാടനം നടത്തിയിട്ട് ഒരു വർഷം പിന്നിടുകയാണ്. ഇതുവരെ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. 12 ജീവനക്കാരെ നിയമിച്ചതായി ഗവൺമെന്റ് ഉത്തരവ് ഇറക്കിയെങ്കിലും ആ ജീവനക്കാർ ആശുപത്രിയിലെത്തിയിട്ടില്ല. ഏറ്റവും പ്രധാനം ന്യൂറോ സർജൻ ഉണ്ടാകേണ്ടതാണ്. ന്യൂറോ സർജന്റെ നിയമനം ഇതുവരെ ഉണ്ടായിട്ടില്ല. ചേർത്തല താലൂക്കിലെ ആയിരകണക്കിന് ജനങ്ങളുടെ ഒരു അത്താണിയായി തീർന്ന, അരൂരിനും ആലപ്പുഴയ്ക്കുമിടയ്ക്ക് കൂടുതൽ സൗകര്യമുള്ള ഒരേയൊരു താലൂക്കാശുപത്രിയായിട്ടും രാജ്യത്തെ ഏക ദേശീയ അംഗീകാരം കിട്ടിയ ആശുപത്രിയായിട്ടും ചേർത്തല താലൂക്കാശുപത്രിയ്ക്ക് ഒരു പരിഗണനയും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കിട്ടുന്നില്ല. ഇത്തരം കാര്യങ്ങളിൽ അടിയന്ത

രമായ നടപടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് സബ്മിഷനിലൂടെ ഉന്നയിക്കാനുളളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 251 കിടക്കകളുള്ള ചേർത്തല താലൂക്കാശുപത്രിയുടെ ശരാശരി ഒ.പി 780-800 ഉം ഐ.പി. 250-300 ഉം ആണ്. ഈ ആശുപത്രിക്ക് എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ 16.12.2012-ന് ലഭിക്കുകയുണ്ടായി. എൻ.എ.ബി.എച്ച് അക്രഡിറ്റേഷന്റെ ഭാഗമായി അധികമായി വേണ്ടി വന്ന ജീവനക്കാരെ ആർ.എസ്.ബി.വൈ ഫണ്ടുപയോഗിച്ച് താത്കാലികമായി നിയമിക്കുകയാണ് ചെയ്തത്. ഒരു മാസം ഏതാണ്ട് 7 ലക്ഷത്തോളം രൂപ ശമ്പളയിനത്തിൽ ജീവനക്കാർക്ക് നൽകേണ്ടതുണ്ട്. ആർ.എസ്.ബി.വൈ ഫണ്ടിൽ ഈ ഇനത്തിൽ മതിയായ ഫണ്ട് ഇല്ലാത്തതുമൂലം 2014 മെയ് മാസത്തെ ശമ്പളം ഈ ജീവനക്കാർക്ക് നൽകിയിട്ടില്ല. ആർ.എസ്.ബി.വൈ സ്കീമിൽ നിന്നും രോഗികൾക്ക് മരുന്ന് വാങ്ങിയ ഇനത്തിൽ 75 ലക്ഷം രൂപ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ലഭിക്കാനുണ്ട്. പ്രസ്തുത തുക ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് കമ്പനി അധികൃതരുമായി ഒരു യോഗം ആരോഗ്യ വകുപ്പ് സെക്രട്ടറി അഞ്ചാം തീയതി വിളിച്ചുചേർക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആ യോഗം വിളിച്ചു ചേർക്കും. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ആശുപത്രിക്ക് ആവശ്യമായ മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമരുന്നുകളെല്ലാം ഈ ആശുപത്രിയിൽ ലഭ്യമാണ്. ആശുപത്രിയിലെ രോഗികൾക്കാ

വശ്യമായ പാൽ മിൽമ വഴിയാണ് ലഭ്യമാക്കിയിരുന്നത്. മിൽമയ്ക്ക് നൽകാനുള്ള 3,37,392 രൂപയുടെ കുടിശ്ശികമൂലം പാൽ വിതരണം നിർത്തിയിരിക്കുകയാണ്. ഇതിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ട്. മിൽമപാൽ വിതരണം പുന:സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ചേർത്തല താലൂക്കാശുപത്രിയിൽ കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിയുടെ ഫണ്ടുപയോഗിച്ച് നിർമ്മിച്ച ട്രോമോ കെയർ യൂണീറ്റിലേക്ക് 14 തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത തസ്തികകളിൽ സർജറി, ഓർത്തോ എന്നീ വിഭാഗം ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സ്, എക്സ്റേ ടെക്നീഷ്യൻ, ഇ.സി.ജി ടെക്നീഷ്യൻ എന്നീ ഒഴിവുകളും നികത്തിയിട്ടുണ്ട്. ഈ ആശുപത്രിയിൽ ജനറൽ മെഡിസിൻ 2, സർജറി 2, ഗൈനക്കോളജി 5, ഓർത്തോ 2, ഇ.എൻ.റ്റി. 2, അനസ്തേഷ്യ 1 തുടങ്ങിയ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി പ്രധാന സ്പെഷ്യാലിറ്റി സർവ്വീസുകളെല്ലാം പ്രവർത്തിക്കുന്നു. ഒരു സ്കിൻ സ്പെഷ്യലിസ്റ്റിന്റെയും ഒരു ഒഫ്താൽമോളജിസ്റ്റിന്റെയും രണ്ട് അനസ്തേഷ്യ ഡോക്ടർമാരുടെയും ഒഴിവുകളുണ്ട്. അത്യാഹിത വിഭാഗത്തിൽ മൂന്ന് ഡോക്ടർമാർ അവധിയിലാണ്. മറ്റ് ഡോക്ടർമാർ കൂടി കാഷ്വാലിറ്റി ഡ്യൂട്ടി എടുത്ത് അത്യാഹിതവിഭാഗം പ്രവർത്തിപ്പിക്കുന്നുണ്ട്. വർക്കിംഗ് അറേഞ്ച്മെന്റിൽ ഒരു എൻ.ആർ.എച്ച്.എം ഡോക്ടറും മറ്റൊരു ഡോക്ടറുമുൾപ്പെടെ 28 ഡോക്ടർമാർ വർക്ക് ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ താലൂക്കാശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഈ ആശുപത്രിയിൽ 8 വിവിധ വിഭാഗം ഡോക്ടർമാരുടെയും 2 ലാബ്

ടെക്നീഷ്യന്റെയും തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. കൂടാതെ ട്രോമോ കെയർ യൂണീറ്റിന് വേണ്ടിയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

പേ വിഷബാധയ്ക്കുള്ള മരുന്ന് ലഭ്യമാക്കൽ

ശ്രീ. മാത്യു റ്റി. തോമസ്: സർ, കേരളത്തിലെ ആശുപത്രികളിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽപോലും പേപ്പട്ടി വിഷബാധയ്ക്കുള്ള കുത്തി വയ്പ്പ് മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യം നിലനിൽക്കുന്നു. എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ശ്രീ. സുരേഷ് കുമാറിനെയും അദ്ദേഹത്തിന്റെ ഭാര്യ ഓമനാ സുരേഷിനെയും പരിക്കേൽപ്പിച്ച ശേഷം ചത്തു പോയ നായ്ക്ക് പേയുണ്ടായിരുന്നുവെന്ന് സ്ഥിതീകരിക്കപ്പെട്ടശേഷം ചികിത്സയ്ക്ക് ലഭ്യമാകേണ്ട ഇമ്മ്യൂണോഗ്ലോബുലിൻ എന്ന മരുന്ന് ലഭ്യമല്ലാത്തതിനാൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ കിട്ടാത്ത അവസ്ഥയിലാണ്. കടിച്ച പട്ടിക്ക് പേയുണ്ടായിരുന്നുവെങ്കിൽ നിർബന്ധമായും കൊടുക്കേണ്ട മരുന്നാണ് ഇമ്മ്യൂണോഗ്ലോബുലിൻ. അത് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിട്ടുന്നില്ല. ഇന്നലെ ഞാൻ മെഡിക്കൽ കോളേജ് സൂപ്രണ്ടുമായി ബന്ധപ്പെട്ടപ്പോൾ കാരുണ്യ മെഡിക്കൽ സ്റ്റോറിലോ നീതി മെഡിക്കൽ സ്റ്റോറിലോ കോട്ടയത്തെ സഹകരണ മെഡിക്കൽ സ്റ്റോറിലോ ഇപ്പോൾ മരുന്ന് ലഭ്യമല്ല എന്നാണ് അറിയിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയെ ബന്ധപ്പെട്ടതിന് ശേഷം ആരോഗ്യവകുപ്പ് ഡയറക്ടർ എന്നെ വിളിച്ച് ഇന്ന് മരുന്ന് ലഭ്യമാക്കാൻ ശ്രമിക്കുമെന്ന് അറിയിച്ചു. ഇതുവരെ ലഭ്യമായിട്ടില്ലെന്നാണ് ഞാൻ നോട്ടീസിൽ എഴുതിയത്. എന്നാൽ സഭ ആരംഭിച്ചതിന് ശേഷം പത്ത് മണിയോടെ മരുന്ന് ലഭ്യമായി. അവർക്ക് കുത്തിവയ്പ്പ് കിട്ടി.

അതിൽ ഞാൻ സന്തോഷം അറിയിക്കുന്നു. എന്നാൽ അഭിനന്ദിക്കുന്നില്ല. കാരണം പേവിഷ ബാധയ്ക്കുള്ള മരുന്ന് ശുപാർശ നടത്തി കിട്ടേണ്ട അവസ്ഥയുണ്ടായി. തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചിരിക്കുന്ന ഘട്ടത്തിൽ പേവിഷബാധയ്ക്കുള്ള മരുന്നുകൾ പ്രത്യേകിച്ച് കടിച്ചത് പേപ്പട്ടി യാണെന്ന് സ്ഥിരീകരിക്കുന്ന സന്ദർഭത്തിൽ മെഡിക്കൽ കോളേജുകളിലെ ങ്കിലും ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷൻ.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, പട്ടികടിച്ച് ചികിത്സയ്ക്കെത്തുന്നവർക്ക് സാധാരണ ഗതിയിൽ ആന്റി–റാബി വാക്സിനാണ് നൽകുന്നത്. ഇത് സംസ്ഥാനത്തെ എല്ലായിടത്തും സ്റ്റോക്കുണ്ട്. എന്നാൽ കടിച്ചപട്ടി ഉടൻ ചത്തുപോവുക, കടിച്ചത് പേപ്പട്ടിയാണെന്ന് ബോധ്യമാവുക എന്നീ സാഹചര്യങ്ങളിൽ ഇമ്മ്യൂണോഗ്ലോബുലിൻ ഇൻജക്ഷൻ നൽകാറുണ്ട്. പുതുക്കിയ കേന്ദ്ര വില നിയന്ത്രണ പട്ടികയിൽ ഈ മരുന്ന് ഉൾപ്പെട്ടശേഷം മരുന്നു നിർമ്മാണ കമ്പ നികൾ ഇതിന്റെ പ്രൊഡക്ഷൻ കുറച്ചിരിക്കുകയാണ്. ഇതുകാരണം പൊതു മാർക്കറ്റിലോ കെ.എം.എസ്.സി.എൽ–ന്റെ കാരുണ്യ ഫാർമസികളിലോ ആശുപത്രികളിലോ ഈ മരുന്ന് ആവശ്യത്തിന് സ്റ്റോക്കില്ലാത്ത അവസ്ഥ വന്നിട്ടുണ്ട്. ഇത് വളരെ ഗൗരവമായ കാര്യമായി സർക്കാർ കണക്കാക്കുന്നു. ഇമ്മ്യൂണോഗ്ലോബുലിൻ സംസ്ഥാനത്തെല്ലായിടത്തും എത്തിക്കുന്നതിനുള്ള ശ്രമം നടത്തും. അതിനായി കെ.എം.എസ്.സി.എൽ നടപടികൾ സ്വീകരിച്ചു വരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ ഇമ്മ്യൂണോഗ്ലോബുലിൻ ഇപ്പോൾ ലഭ്യമല്ല. ബഹുമാനപ്പെട്ട എം.എൽ.എ ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തി

യതിനെ തുടർന്ന് വിവിധ ആശുപത്രികളുമായി ബന്ധപ്പെട്ടു. ആലപ്പുഴ മെഡിക്കൽ കോളേജിൽ മരുന്നുണ്ടായിരുന്നു. അവിടെ നിന്ന് അടിയന്തര മായി കോട്ടയം മെഡിക്കൽ കോളേജിൽ മരുന്നെത്തിക്കാനുള്ള ഏർപ്പാട് ഇന്നലെ രാത്രി തന്നെ ചെയ്തു. ഇന്ന് മരുന്ന് ലഭ്യമായി എന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്. ഇമ്മ്യൂണോഗ്ലോബുലിന്റെ ക്ഷാമം പരിഹരിക്കുവാൻ സർക്കർ എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്. ആവശ്യമെങ്കിൽ കേന്ദ്ര സർക്കാ രിന്റെ ശ്രദ്ധയിൽപ്പെടുത്തി കൂടുതൽ മരുന്ന് നിർമ്മിച്ച് മാർക്കറ്റിൽ ലഭ്യമാക്കു ന്നതിന് മരുന്ന് കമ്പനികളെ പ്രേരിപ്പിക്കുന്നതിനും ശ്രമിക്കുന്നതാണ്.

## ടോൾ നിരക്ക്

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, മണ്ണുത്തി-ഇടപ്പള്ളി ദേശീയപാതയിലെ ടോൾ നിരക്ക് ഇന്നലെ രാത്രി മുതൽ വീണ്ടും അമിതമായി വർദ്ധിപ്പിച്ചിരിക്കു കയാണ്. താങ്ങാനാവാത്ത രീതിയിലുള്ള നിരക്കാണ് അവിടെ ഇപ്പോഴുള്ളത്. ദേശീയപാതാ അധികൃതർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാന പ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ സംസ്ഥാന സർക്കാരുമായി ഏർപ്പെട്ടിട്ടുള്ള കരാർ വ്യവസ്ഥകളൊന്നും തന്നെ പാലിച്ചി ട്ടില്ല. ആമ്പല്ലൂർ ഫ്ളൈ ഓവർ, പുതുക്കാട് ഫ്ളൈ ഓവർ, സ്കൈ വാക്കു കൾ, ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിലെ അണ്ടർപ്പാസ്, കൊരട്ടിയിലെ ഫ്ളൈ ഓവർ എന്നിവയൊന്നും നടപ്പിലാക്കിയിട്ടില്ല. സ്ട്രീറ്റ് ലൈറ്റുകളും സർവ്വീസ് റോഡുകൾ പോലും പൂർത്തീകരിച്ചിട്ടില്ല. ഇന്ധനവില ഇടയ്ക്കിടെ വർദ്ധിപ്പിക്കുന്നതുമൂലം ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടിലാണ്. ഈ സാഹചര്യത്തിൽ ഇന്നലെ രാത്രി മുതൽ അമിതമായി വർദ്ധിപ്പിച്ചിരിക്കുന്ന

ടോൾ നിരക്ക് അടിയന്തിരമായി നിറുത്തിവയ്ക്കണമെന്ന ആവശ്യം ഇവിടെ ഉന്നയിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ദേശീയപാത 47–ലെ മണ്ണുത്തി മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗം ബി.ഒ.ടി. അടിസ്ഥാനത്തിൽ നാലുവരി പാതയായി വികസിപ്പിക്കുന്നതിന് ദേശീയപാത അതോറിറ്റി ഗുരുവായൂർ ഇൻഫ്രാസ്ട്രക്ചർ കമ്പനിയെ ഏൽപ്പിച്ചിരുന്നു. സംസ്ഥാന സർക്കാരും ദേശീയപാത അതോറിറ്റിയും കൺസ്ട്രക്ഷൻ കമ്പനിയും ചേർന്ന് ഒപ്പുവച്ച സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് പ്രകാരം കൺസ്ട്രക്ഷൻ കമ്പനിക്ക് ടോൾ പിരിക്കുന്നതിനും എല്ലാ വർഷവും സെപ്റ്റംബർ 1–ാം തീയതി ഹോൾസെയിൽ പ്രൈസ് ഇൻഡക്സ് അനുസരിച്ച് ടോൾ നിരക്ക് പുനർനിർണ്ണയിക്കുന്നതിനുമുള്ള അവകാശമുണ്ട്. ഇതനുസരിച്ച് 1.10.2013 മുതൽ ടോൾ നിരക്ക് വർദ്ധിപ്പിക്കാൻ കമ്പനി നടപടികൾ സ്വീകരിച്ചുവെങ്കിലും ജനങ്ങളുടെയും ജനപ്രതിനിധികളുടെയും പ്രതിഷേധം കണക്കിലെടുത്ത് 7.10.2013–ൽ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ ടോൾ നിരക്ക് വർദ്ധന നീട്ടിവയ്ക്കാൻ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. ഇതിനെതിരെ കൺസ്ട്രക്ഷൻ കമ്പനി ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 2014 ജൂൺ 4–ാം തീയതിയിലെ ജഡ്ജ്മെന്റിൽ, എഗ്രിമെന്റ് പ്രകാരം കൺസ്ട്രക്ഷൻ കമ്പനിക്ക് ടോൾ നിരക്ക് വർദ്ധിപ്പിക്കുന്നതിന് അവകാശമുണ്ടെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിറക്കിയിട്ടുണ്ട്. ഹൈക്കോടതി ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതുപോലെ ടോൾ നിരക്ക് വർദ്ധനവ് നിറുത്തി

വയ്ക്കണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ല. കൺസ്ട്രക്ഷൻ എഗ്രിമെന്റ് പ്രകാരം നിർമ്മിക്കേണ്ട 52.43 കി.മീ. സർവ്വീസ് റോഡിൽ 50.78 കിലോമീറ്ററും നിർമ്മിച്ചുകഴിഞ്ഞതായും ബാക്കി 1.62 കിലോമീറ്റർ സർവ്വീസ് റോഡിനായുള്ള സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷനിൽ പറയുന്ന ഫ്ളൈ ഓവറുകൾ, അണ്ടർപ്പാസുകൾ, സർവ്വീസ് റോഡുകൾ എന്നിവ കൺസ്ട്രക്ഷൻ എഗ്രിമെന്റിൽ ഉൾപ്പെട്ടതല്ല. മുഖ്യമന്ത്രി വിളിച്ചു ചേർത്ത ഒരു യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശിച്ചവയാണ്. ഇവയുടെ നിർമ്മാണത്തിനായി 98.68 കോടി രൂപയുടെ എസ്റ്റിമേറ്റ് ദേശീയപാത അതോറിറ്റി സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

## മേൽപ്പാലനിർമ്മാണം

ശ്രീ. ഷാഫി പറമ്പിൽ: സർ, പാലക്കാട് ടൗണിൽ നിന്ന് ഏകദേശം 7 കിലോമീറ്റർ ദൂരത്തിൽ മലമ്പുഴ പോകുന്ന റോഡിൽ ആണ്ടിമഠത്തിനും കല്ലേക്കുളങ്ങരയ്ക്കുമിടയിൽ ഒരു റെയിൽവേ ക്രോസിംഗുണ്ട്. പ്രസ്തുത റെയിൽവേ ക്രോസിംഗ് പാലക്കാട് റെയിൽവേ ജംഗ്ഷനോട് തൊട്ടു ചേർന്നാണ് കിടക്കുന്നത്. മാനുവൽ ഓപ്പറേറ്റിംഗ് ബാരിയറാണ് ഈ ക്രോസിൽ പ്രവർത്തിക്കുന്നത്. ഇപ്പോൾ മെമു സർവ്വീസുകൾക്കു കൂടി അവിടെ ഗതാഗതസൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ ബ്രോഡ് ഗേജ് ലൈനാക്കാനുള്ള തയ്യാറെടുപ്പ് റെയിൽവേയുടെ ഭാഗത്തുനിന്നുമുണ്ട്. അതിനായി ഏതാനും സാമഗ്രികൾ റെയിൽവേ ക്രോസിംഗിന്റെ അടുത്തു

തന്നെ ഇറക്കിയിട്ടിരിക്കുകയാണ്. നടക്കാവൂർ റെയിൽവേ ക്രോസിംഗ് എന്നറിയപ്പെടുന്ന ഈ ലെവൽ ക്രോസിംഗ് ഒരു മണിക്കൂറിൽ 5 പ്രാവശ്യമെങ്കിലും അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നുണ്ട്. റെയിൽ ഗതാഗതം നിർബാധം തുടരണമെങ്കിൽ; അപകടങ്ങൾ ഒഴിവാക്കാൻ അടയ്ക്കൽ–തുറക്കൽ പ്രക്രിയകളുടെ എണ്ണം കുറയ്ക്കാൻ ഒരു നിർവ്വാഹവുമില്ല എന്ന സ്ഥിതിക്ക് നടയ്ക്കാവൂർ റെയിൽവേ ക്രോസിംഗിന്റെ സ്ഥാനത്ത് ഒരു മേൽപ്പാലം നിർമ്മിക്കണമെന്ന ആവശ്യം, പ്രത്യേകിച്ച് അകത്തേത്തറ നിവാസികൾക്കും അകത്തേത്തറ എഞ്ചിനീയറിംഗ് കോളേജ്, മലമ്പുഴ ഐ.ടി.ഐ., മലമ്പുഴ കാറ്റിൽഫീഡ്സ്, സുരഭി സ്റ്റീൽസ്, ഇന്ദിരാഗാന്ധിയുടെ ഇലക്ഷൻ വിജയചിഹ്നമായ കൈപ്പത്തി വിഗ്രഹരൂപത്തിൽ ആരാധിച്ചുവരുന്ന ഏമൂർ ഭഗവതി ക്ഷേത്രം, ദുർഗ്ഗാദേവിക്ഷേത്രം, ശ്രീകൃഷ്ണ ക്ഷേത്രം, മൂന്നു പ്രാവശ്യം മഹാത്മാഗാന്ധിയുടെ പാദസ്പർശമേറ്റ ശബരി ആശ്രമം എന്നീ ആരാധാനാ സ്വഭാവമുള്ള ക്ഷേത്രങ്ങൾ, സ്ഥാപനങ്ങൾ കൂടാതെ ടൂറിസ്റ്റ് സെന്ററായ മലമ്പുഴ ഡാം ഈ റെയിൽവേ ക്രോസിംഗിന്റെ തുടരെതുടരെയുള്ള അടയ്ക്കൽ –തുറക്കൽ പ്രക്രിയയാൽ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ ലെവൽ ക്രോസിംഗിന്റെ വടക്കുഭാഗത്ത് എവിടെയും അടിയന്തര ചികിത്സ ലഭിക്കുന്ന ആശുപത്രികളൊന്നും തന്നെയില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ പ്രഥമചികിത്സയും അത്യാഹിത വിഭാഗത്തിൽ പ്രവേശനമാവശ്യമായി വരുന്ന രോഗികൾക്ക് ക്രോസിംഗിലെത്തുമ്പോൾ അവർക്കുമാത്രമായി ബാരിയർ ഉയർത്തിക്കൊടുക്കുവാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് ആ റെയിൽവേ ഗേറ്റിൽ വച്ച് ഇതുവരെ 13 ജീവനുകളാണ് പൊലിഞ്ഞുപോയിട്ടുള്ളത്. അതുകൊണ്ട് ഈ അപകടസ്ഥിതി തരണം ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റിന്റെ അടിയന്തര ഇടപെടലുണ്ടാകണം.

ഒരു പ്രദേശത്തെ; ഒരു നാടിന്റെ പൊതുവായ ആവശ്യമാണ്. ഇതിനുവേണ്ടി 2009 മുതൽ അഞ്ചുകൊല്ലക്കാലമായി നിരവധി സമരങ്ങൾ നടത്തുന്നു. ഞാൻ തുറന്നു പറയുന്നു, ഇതുമായി താരതമ്യം ചെയ്യുമ്പോൾ എന്റെ നിയോജകമണ്ഡലത്തിൽപ്പോലും ഇത്രയും പ്രാധാന്യമില്ലാത്ത സ്ഥലങ്ങളിൽപ്പോലും റെയിൽവേ മേൽപ്പാലം വന്നിരിക്കുന്ന സാഹചര്യത്തിൽ; അവിടെ പൊലിയുന്ന ജീവനെ കരുതിയെങ്കിലും അടിയന്തരമായി ആ ലെവൽ ക്രോസിംഗിനു മേലെ ഒരു റെയിൽവേ ഓവർബ്രിഡ്ജ് പണിയുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് സംസ്ഥാന സർക്കാർ മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പാലക്കാട് ജില്ലയിൽ ഒലവക്കോട്-മലമ്പുഴ റോഡിൽ കിലോമീറ്റർ 1/800-ലാണ് നടക്കാവൂർ റെയിൽവേ ക്രോസ് സ്ഥിതി ചെയ്യുന്നത്. മലമ്പുഴയിലേയ്ക്ക് വരുന്ന വിനോദസഞ്ചാരികൾ ഉൾപ്പെടെ ധാരാളമാളുകൾ ഈ റോഡിലൂടെയാണ് കടന്നുപോകുന്നത്. ഇവിടെ റെയിൽവേ ക്രോസിൽ മേൽപ്പാലം നിർമ്മിക്കുന്നതിന് റെയിൽവേയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## റോഡ് പുനരുദ്ധാരണം

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചാവക്കാട്-വടക്കാഞ്ചേരി പി.ഡബ്ല്യു.ഡി. സ്റ്റേറ്റ് ഹൈവേ റോഡിലെ കുന്ദംകുളം മുതൽ ചാട്ടുകുളം വരെയുള്ള മൂന്നര കിലോമീറ്റർ റോഡ് പുനരുദ്ധാരണം ചെയ്യുന്നതിന് 14.07.2009-ന് 185 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാ

നുമതി ലഭിച്ചതാണ്. ഇതിനിടയ്ക്ക് ഈ റോഡിനടിയിൽ കിടക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ കാലപ്പഴക്കം വന്ന പ്രീമോ പൈപ്പ് മാറ്റിയിടുന്നതിന് 2 കോടി രൂപ ജലവിഭവ വകുപ്പ് അനുവദിച്ച് പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തിയും പൂർത്തീകരിച്ചു. 2009-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് റോഡിന് 185 ലക്ഷം രൂപ അനുവദിച്ചത്. നിലവിലെ സാഹചര്യത്തിൽ പണി പൂർത്തീകരിക്കാൻ കഴിയില്ല എന്നതുകൂടി കണക്കിലെടുത്ത് അഡീഷണലായി കഴിഞ്ഞ വർഷം 156 ലക്ഷം രൂപ കൂടി അനുവദിച്ചു. കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ. തുടങ്ങിയ സ്ഥാപനങ്ങളുമായുള്ള പ്രശ്നങ്ങളെല്ലാം പരിഹരിച്ചു. ഇതൊക്കെയായിട്ടും അഞ്ചുവർഷം മുമ്പ് തുടങ്ങിയ പണി ഇപ്പോഴും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. വർഷത്തിൽ മൂന്നുനാലു കോടി ജനങ്ങളാണ് വിവിധ വാഹനങ്ങളിലായി സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിൽ നിന്നും തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഗുരുവായൂർ അമ്പലദർശനത്തിനായി ഇതുവഴി കടന്നുപോകുന്നത്. അതുപോലെ ചരിത്രപ്രസിദ്ധമായ പാലയൂർ പള്ളിയിലേയ്ക്കുള്ള തീർത്ഥാടകരും ഇതുവഴി തന്നെയാണ് കടന്നുപോകുന്നത്. തകർന്നുകിടക്കുന്ന റോഡിന്റെ പണി പൂർത്തീകരിക്കാത്തതിനാൽ നാട്ടുകാരും സമീപപ്രദേശമുള്ളവരുമൊക്കെ വലിയ യാത്രാദുരിതത്തിലാണ്. ഇവരൊക്കെ വലിയ പ്രതിഷേധത്തിലുമാണ്. രണ്ടുപ്രാവശ്യം കളക്ടറേറ്റിൽ ബഹുമാനപ്പെട്ട മന്ത്രിയടക്കം യോഗം ചേർന്നിട്ടും ഫലപ്രദമായ നടപടിയുണ്ടായിട്ടില്ല. ഇനിയും ഈ പണി നീണ്ടുപോകാൻ അനുവദിക്കാതെ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ചാവക്കാട്-വടക്കാഞ്ചേരി റോഡിലെ ചാട്ടുകുളം മുതൽ കുന്ദംകുളം വരെയുള്ള ഭാഗം പുനരുദ്ധരിക്കുന്നതിനും ബി.എം. ആന്റ് ബി.സി. ചെയ്യുന്നതിനും 185 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 14.10.2009-ൽ ടെണ്ടർ ചെയ്ത് കരാർ നൽകുകയും ചെയ്തു. 24.04.2012-ന് സൈറ്റ് ഹാൻഡ്ഓവർ ചെയ്യുകയും ചെയ്തു. കാന നിർമ്മാണവും കലുങ്കുകളുടെ പുനർനിർമ്മാണവും എക്സ്റ്റെൻഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഈ ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ മെയിൻ പമ്പിംഗ് പൈപ്പ് ഇടയ്ക്കിടെ പൊട്ടുകയും റോഡ് പൊട്ടിത്തകർന്ന അവസ്ഥയുമുണ്ടായിരുന്നു. ഈ പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കാതെ റോഡ് പുനരുദ്ധാരണ പ്രവൃത്തി മുന്നോട്ടുകൊണ്ടു പോകാൻ കഴിയുമായിരുന്നില്ല. ഈ പൈപ്പുകൾ മാറ്റുന്ന പ്രവൃത്തികൾ 21.05.2014-നാണ് പൂർത്തിയായത്. കൂടാതെ ഈ റോഡിൽ നിന്നിരുന്ന കെ.എസ്.ഇ.ബി. യുടെ പോസ്റ്റുകൾ മാറ്റി കിട്ടിയത് 28.05.2014-നാണ്. മേൽ കാരണങ്ങൾ കൊണ്ട് കരാറുകാരന് മഴയ്ക്കു മുമ്പ് മുഴുവൻ പ്രവൃത്തിയും പൂർത്തീകരിക്കാൻ സാധിച്ചില്ല. മഴ മാറിയാലുടൻ തന്നെ ബാക്കി പ്രവൃത്തികൾ ചെയ്ത് തീർക്കുന്നതാണ്. ഈ ഭാഗത്തെ റോഡിലെ കുഴികൾ അടച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. അധികമായി അനുവദിച്ച 156 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും ആരും ടെണ്ടർ എടുക്കാത്തതുകൊണ്ട് 28.06.2014-ന് വീണ്ടും ടെണ്ടർ വിളിച്ചിട്ടുണ്ട്. പണി ഉടനെ ആരംഭിക്കുന്നതാണ്.

## കൊടുവള്ളി റസ്റ്റ് ഹൗസിന്റെ പ്രവൃത്തി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, കോഴിക്കോട്-വയനാട് നാഷണൽ ഹൈവേ 212-ൽ, ജില്ലയിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട പട്ടണമാണ് കൊടുവള്ളി. മിനി സിവിൽ സ്റ്റേഷൻ, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, ട്രഷറി, പി.ഡബ്ല്യു.ഡി. സബ്ഡിവിഷൻ സെക്ഷൻ, അഗ്രികൾച്ചർ ജോയിന്റ് ഡയറക്ടർ ഓഫീസ് തുടങ്ങിയ ധാരാളം സർക്കാർ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന ഒരു സ്ഥലവും കൂടിയാണിത്. ധാരാളം വിദേശികളും ഉദ്യോഗസ്ഥന്മാരും എത്തിക്കൊണ്ടിരിക്കുന്ന സ്ഥലവുമാണിത്. ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ളതും മിനി സിവിൽ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നതുമായ സ്ഥലത്ത് റസ്റ്റ് ഹൗസ് നിർമ്മിക്കുവാൻ നേരത്തെ തന്നെ ബന്ധപ്പെട്ട വകുപ്പ് തീരുമാനമെടുത്തിട്ടുണ്ട്. ഈ സുവർണ്ണനഗരിയുടെ പ്രാധാന്യം മനസ്സിലാക്കി 2011-ൽ റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നു. സാങ്കേതികാനുവാദം വാങ്ങി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും കരാറുകാർ ആരും പ്രവൃത്തി ഏറ്റെടുത്തില്ല. പി.ഡബ്ല്യു.ഡി. റേറ്റ് മാറിയതുകാരണം പുതുക്കിയ എസ്റ്റിമേറ്റുണ്ടാക്കി ഭരണാനുമതിക്കായി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി എത്രയുംവേഗം ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കൊടുവള്ളി റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി 28.02.2011-ൽ 92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സാങ്കേതിക അനുമതി നൽകി

പ്രസ്തുത പ്രവൃത്തി രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും ആരുംതന്നെ പ്രവൃത്തി ഏറ്റെടുത്തില്ല. പ്രവൃത്തി ഏറ്റെടുക്കുന്നതിന് താൽപ്പര്യമുള്ള കരാറുകാരിൽ നിന്ന് ക്വട്ടേഷനുകൾ വാങ്ങി നടപടികൾ പൂർത്തീകരിച്ച് ഒരു മാസത്തിനകം പ്രവൃത്തി ആരംഭിക്കുന്നതാണ്.

## പൈപ്പ് ലൈൻ സ്ഥാപിക്കൽ

ശ്രീ. ബി. സത്യൻ: സർ, പ്രിയങ്കരനായ പൊതുമരാമത്ത് വകുപ്പുമന്ത്രി, രണ്ട് യോഗങ്ങൾ വിളിച്ചുചേർക്കുകയും വളരെ അനുകൂലമായ തീരുമാനം എടുക്കുകയും ചെയ്ത വിഷയമാണ് സബ്മിഷനിലൂടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ആറ്റിങ്ങൽ, വർക്കല മണ്ഡലങ്ങളിൽപ്പെട്ട പഴയ കുന്നുമ്മൽ, കിളിമാനൂർ, മടവൂർ തുടങ്ങിയ മൂന്ന് ഗ്രാമപഞ്ചായത്തുകളിലും നിലവിൽ വാട്ടർ അതോറിറ്റിയുടെയോ മറ്റോ ചെറുകിട കുടിവെള്ള പദ്ധതി കളൊന്നും തന്നെ നിലവിലില്ല. വളരെ പാവപ്പെട്ടവരും സാധാരണക്കാരും ഭൂരിപക്ഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമാണ് ഈ മൂന്ന് ഗ്രാമപഞ്ചായ ത്തുകളിലും അധിവസിക്കുന്നത്. നിരവധി വർഷങ്ങളായുള്ള ആളുകളുടെ ആഗ്രഹമാണ് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം. ജലസേചന വകുപ്പു മന്ത്രി, ശ്രീ. പി. ജെ. ജോസഫ് 2012-ൽ തറക്കല്ലിടുകയും ഒന്നരവർഷം കൊണ്ട് പൂർത്തിയാക്കണമെന്ന് നിശ്ചയിച്ച പണി ദ്രുതഗതിയിൽ മുന്നോട്ട് പോവുകയുമാണ്. കാരേറ്റ് മുതൽ തട്ടത്തുമല വരെ വരുന്ന എം.സി. റോഡിന്റെ അറ്റത്തുകൂടിയാണ് ഈ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടത്. എന്നാൽ കെ.എസ്.ടി.പി. അധികൃതർ ആദ്യം മുതൽ തന്നെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് എതിരായിട്ടുള്ള നിലപാടാണ് സ്വീകരിച്ചുവന്നത്. തുടർന്ന്,

കുടിവെള്ള പദ്ധതി ഈ മൂന്ന് ഗ്രാമപഞ്ചായത്തുകളിലേയ്ക്കും വരേണ്ടതിന്റെ അനിവാര്യത പ്രിയപ്പെട്ട മരാമത്ത് വകുപ്പുമന്ത്രിയെ ബോധ്യപ്പെടുത്തിയതിനെ തുടർന്ന് അദ്ദേഹം താൽപ്പര്യമെടുത്ത് ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചു ചേർത്തിരുന്നു. പ്രത്യക്ഷത്തിൽ 35 കോടി രൂപയുടെ ചെലവ് വരുന്ന ഈ പദ്ധതിയുടെ പലഘട്ടങ്ങളിലായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെകൂടെ ചെയ്യേണ്ടതാണ് പൈപ്പ് ലൈൻ ഇടുന്ന ജോലി. എം.സി. റോഡിൽ ഗതാഗതകുരുക്കോ മറ്റ് പ്രയാസങ്ങളോ അപകടങ്ങളോ ഒന്നും ഉണ്ടാകാത്ത നിലയിൽ മരാമത്ത് വകുപ്പും കെ.എസ്.ടി.പി.യും ജലസേചന വകുപ്പും കൂടി സഹകരിച്ചുകൊണ്ട് മന്ത്രിയുടെ നിർദ്ദേശപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചതാണ്. ഇതനുസരിച്ച് 5.17 കോടി രൂപ കെ.എസ്.ടി.പി. ക്ക് അടച്ചുവെങ്കിലും ഇതുവരെയും പൈപ്പ് ലൈൻ കൊണ്ടുപോകുന്നതിനുള്ള അനുമതി കെ.എസ്.ടി.പി. അധികൃതർ നൽകുന്നില്ല. ഒരു നിർമ്മാണ പ്രവർത്തനങ്ങളും കെ.എസ്.ടി.പി. യുടെ അനുമതിയില്ലാതെ ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. ജനങ്ങൾക്കും നാട്ടുകാർക്കും പ്രയോജനപ്രദമാകുന്ന വിധത്തിൽ ഗതാഗത ക്രമീകരണം വരുത്താൻ തീരുമാനിച്ചാൽ പോലും കെ.എസ്.ടി.പി. അധികൃതർ വന്ന് അതിനെ എതിർക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. മൂന്ന് ഗ്രാമപഞ്ചായത്തുകളിലായി വരുന്ന ആയിരക്കണക്കിന് ജനങ്ങളുടെ വളരെ പ്രധാനപ്പെട്ട വിഷയമാണിത്. മരാമത്ത് വകുപ്പും ഗവൺമെന്റും നിർദ്ദേശിക്കുന്ന പ്രകാരം യാത്രക്കാർക്കും ജനങ്ങൾക്കും ബുദ്ധിമുട്ടില്ലാത്ത നിലയിൽ കൈകാര്യം ചെയ്യാൻ എല്ലാവരും തയ്യാറാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജന പ്രതിനിധികൾ സർവ്വകക്ഷിയോഗം

ചേർന്നു. പൈപ്പ് ലൈൻ അതുവഴി കൊണ്ടുപോകുന്നതിനുള്ള അനുമതി തരാൻ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കെ.എസ്.ടി.പി. ഒന്നാം പദ്ധതിയിൽ ഉൾപ്പെടുത്തി 2010-ൽ വികസനം പൂർത്തിയാക്കിയ എം.സി. റോഡിലെ കാരേറ്റ് മുതൽ തട്ടത്തുമലവരെയുള്ള പഴയ കുന്നുമ്മൽ-കിളിമാനൂർ റോഡിലെ കുടിവെള്ള പദ്ധതിക്കായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അനുമതി ആവശ്യപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23.01.2014-ൽ കൂടിയ യോഗം പദ്ധതി നടപ്പിലാക്കുന്നതിന് ടാർ കട്ടിംഗ് പരമാവധി ഒഴിവാക്കി അലൈൻമെന്റ് നിശ്ചയിക്കാൻ ഒരു സംയുക്ത പരിശോധന നടത്തുവാനും, കുഴിക്കുന്ന റോഡിന്റെ പുനർ നിർമ്മാണത്തിനായി എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയതിനുശേഷം മാത്രമേ റോഡ് കട്ടിംഗ് ആരംഭിക്കുകയുള്ളൂവെന്നും അതിന്റെ ഉത്തരവാദിത്വം കെ.എസ്.ടി.പി. ഏറ്റെടുക്കണമെന്നും തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ടി.പി. യും വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുമായി 24.01.2014-ൽ സംയുക്ത പരിശോധന നടത്തി അലൈൻമെന്റ് നിശ്ചയിക്കുകയും റോഡ് പുനർനിർമ്മാണത്തിനായി 5,16,85,130 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. കെ.എസ്.ടി.പി. 21.02.2014-ൽ ആവശ്യപ്പെട്ട പ്രകാരം വാട്ടർ അതോറിറ്റി ഈ തുക 09.05.2014-ൽ കെ.എസ്.ടി.പി.ക്ക് നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റി കുഴിക്കുന്ന റോഡ് ഭാഗം പുനർനിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാ

യിട്ടുണ്ട്. കരാറുകാരനെ തെരഞ്ഞെടുത്തതിനുശേഷം കാലവർഷം കഴിഞ്ഞാലുടൻ റോഡ് കുഴിക്കുന്നതിനുള്ള അനുമതി വാട്ടർ അതോറിറ്റിക്ക് നൽകുന്നതാണ്.

<u>ബൈപ്പാസിന്റെ ആവശ്യകത</u>

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: സർ, വാഹനങ്ങളുടെ വൻതോതിലുള്ള വർദ്ധനവും അതിനനുസരിച്ച് റോഡ് സൗകര്യങ്ങൾ വർദ്ധിക്കാത്തതുമൂലം കേരളത്തിലെ മറ്റ് പ്രദേശങ്ങളിലേതുപോലെ തന്നെ നെന്മാറ മണ്ഡലത്തിലെ പ്രധാനപ്പെട്ട പട്ടണങ്ങളിലും രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയാണ്. കൊല്ലങ്കോട് പട്ടണത്തിൽ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ് നിർമ്മിക്കാമെന്ന് 2010-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതാണ്. സ്ഥലമെടുപ്പുൾപ്പെടെയുള്ള കാര്യത്തിൽ മെല്ലെപ്പോക്ക് കാരണം ബൈപ്പാസ് നിർമ്മാണം ഇപ്പോൾ ആരംഭിച്ചിട്ടില്ല. അടിയന്തരമായി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച് കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടാകണം. മണ്ഡലത്തിലെ പ്രധാനപ്പെട്ട പട്ടണങ്ങളായ നെന്മാറ, കൊടുവായൂർ, പുതുനഗരം ടൗണുകളിൽ രാവിലെയും വൈകുന്നേരവും രൂക്ഷമായ ഗതാഗതക്കുരുക്കുണ്ടാകാറുണ്ട്. നെന്മാറ-കൊടുവായൂർ പട്ടണങ്ങളിൽ ബൈപ്പാസ് നിർമ്മിക്കാൻ ജലസേചന വകുപ്പിന്റെ കനാൽ ബണ്ടുകൾ ഉപയോഗപ്പെടുത്താവുന്നതാണ്. സ്ഥലമെടുക്കാതെ തന്നെ ബൈപ്പാസുണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പൂർത്തീകരിക്കാവുന്നതാണ്. പുതുനഗരം പട്ടണത്തിൽ ഇടുങ്ങിയ റോഡാണ്.

രാവിലെയും വൈകുന്നേരവും രൂക്ഷമായ ഗതാഗത പ്രശ്നങ്ങൾ അവിടെയും ഉണ്ടാകാറുണ്ട്. അവിടെ ബൈപ്പാസ് ഉണ്ടാക്കുകയോ അല്ലെങ്കിൽ റോഡ് വീതി കൂട്ടി പ്രശ്ന പരിഹാരത്തിനാവശ്യമായ നടപടി ഉണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട്, നെന്മാറ, കൊടുവായൂർ, പുതുനഗരം തുടങ്ങിയ പട്ടണങ്ങളിലെ രൂക്ഷമായ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനായി അടിയന്തര നടപടി കൈകൊള്ളുന്നതാണ്. ആയതിലേയ്ക്കായി സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി 13 കോടി രൂപയ്ക്കുള്ള ഭരണാനുമതി കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിനായി നൽകിയിട്ടുണ്ട്. അതിൻപ്രകാരം സ്ഥലമെടുപ്പിനുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു. നെന്മാറ, പുതുനഗരം ബൈപ്പാസുകളുടെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിവരികയാണ്. കൊടുവായൂർ ബൈപ്പാസ് കടന്നുപോകുന്നത് ഇറിഗേഷൻ കനാൽ ബണ്ടുകളുടെകൂടെ ആയതിനാൽ ഇറിഗേഷൻ വകുപ്പിന്റെയും അനുമതി ആവശ്യമാണ്. അതും ബൈപ്പാസ് നിർമ്മാണത്തിനായുള്ള വിശദമായ എസ്റ്റിമേറ്റും സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. നെന്മാറ, കൊടുവായൂർ, പുതുനഗരം തുടങ്ങിയ നഗരങ്ങളിൽ ക്രമീകരണങ്ങൾ വരുത്തുന്നതിനെപ്പറ്റിയുള്ള സർവ്വേ ഉടൻതന്നെ പൂർത്തിയാക്കുന്നതാണ്.

## പ്രധാനാദ്ധ്യാപികയുടെ സ്ഥലംമാറ്റം

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങയുടെ അനുകമ്പകൊണ്ട് വളരെ പ്രധാനപ്പെട്ട ഒരു വിഷയം ഞാൻ ഈ സഭയിൽ അവതരിപ്പിക്കുകയാണ്. ഏഷ്യയിലെ ഏറ്റവും കൂടുതൽ പെൺകുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ. 16.06.2014-ൽ കോട്ടൺഹിൽ ഗേൾസ് ഹൈസ്കൂളിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ ഒരു അവാർഡ്ദാന ചടങ്ങ് നിശ്ചയിച്ചിരുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് ആ ചടങ്ങിൽ പങ്കെടുക്കാൻ നിശ്ചയിച്ചിരുന്നത്. ഒൻപതര മണിക്കാണ് ആ ചടങ്ങ് നിശ്ചയിച്ചിരുന്നത്. ബഹുമാനപ്പെട്ട മന്ത്രി അവിടെ എത്തിച്ചേർന്നത് ഏതാണ്ട് പന്ത്രണ്ടര മണിക്കാണ്. ഏതാണ്ട് മൂന്ന് മണിക്കൂർ നേരം കുട്ടികൾ ഇദ്ദേഹത്തെ കാത്ത് അവിടെ നിൽക്കുന്നുണ്ടായിരുന്നു. ഡി.പി.ഐ. ഒരു സർക്കുലർ ഇറക്കിയിട്ടുണ്ടായിരുന്നു. ശ്രീ. എം.എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോഴും ഇപ്പോഴും ആ സർക്കുലർ റദ്ദ് ചെയ്തിട്ടില്ല. സ്കൂൾ ടൈമിൽ ഇത്തരത്തിലുള്ള പ്രോഗ്രാമുകൾ സ്കൂളിൽ നടത്താൻ പാടില്ലെന്നുള്ള ഉത്തരവ് നിലനിൽക്കുകയാണ്. നിയമസഭ നടക്കുന്ന അവസരത്തിൽ മന്ത്രിമാർ പുറത്ത് പബ്ലിക് പരിപാടികൾ നടത്താൻ പാടില്ലെന്ന് അങ്ങും ഇവിടെ റൂളിംഗ് നടത്തിയിട്ടുണ്ട്. ഈ പരിപാടിയിൽ ഏതാണ്ട് മൂന്ന് മണിക്കൂർ താമസിച്ചാണ് മന്ത്രി ചെന്നത്. ആ സ്കൂളിലെ ഹെഡ്മിസ്ട്രസ് ഒരു ക്യാൻസർ രോഗിയാണ്. അവർ പെൻഷനാകാൻ ഇനി ഒരു വർഷം മാത്രമാണ് അവശേഷിക്കുന്നത്. അവരുടെ ഭർത്താവ് ഹൃദ്രോഗിയാണ്. അദ്ദേഹം തളർന്ന് കിടക്കുകയാണ്. മാത്രമല്ല, സ്കൂൾ തുടങ്ങിയാൽ തുടക്കത്തിൽത്തന്നെ പ്രിൻസിപ്പൽമാരെ സ്ഥലംമാറ്റാൻ പാടില്ലെന്നുള്ള

കീഴ്വഴക്കവും നിയമവുമുള്ളതാണ്. ഇന്നത്തെ മുഴുവൻ പത്രങ്ങളിലും 'മന്ത്രിക്ക് വിമർശനം: ഗേറ്റ് തുറന്നില്ലെന്ന പേരിൽ കോട്ടൺഹിൽ പ്രിൻസിപ്പലിനെ സ്ഥലം മാറ്റി'. പ്രിൻസിപ്പലിന് വാച്ചർ ജോലിയുണ്ടോ? തിരുവനന്തപുരത്തെ പ്രധാന വാർത്തയാണിത്. മാതൃഭൂമി പത്രത്തിൽ പറഞ്ഞിരിക്കുന്നത് –'മന്ത്രി വൈകും; മിണ്ടരുത്. മിണ്ടിയാൽ സ്ഥലംമാറ്റും'. സകല പത്രങ്ങളും ഇതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. മെമ്മോ കൊടുത്തിരിക്കുകയാണ്. 20–ാം തീയതിയാണ് മെമ്മോ കൊടുത്തത്. ആ മെമ്മോയിൽ പറയുന്നത് അവിടെ ഈ പരിപാടികൾ നടക്കുന്ന അവസരത്തിൽ വി.ഐ.പി.യെ........... അങ്ങും മന്ത്രിയായിരുന്നല്ലോ. അങ്ങും ഈ പരിപാടിയിലൊക്കെ പങ്കെടുത്തിട്ടുണ്ടല്ലോ. അല്പന് ഐശ്വര്യം വന്നാൽ അർദ്ധരാത്രിയും കുട പിടിക്കുമെന്ന് പറഞ്ഞതുപോലെ................. ......(ബഹളം)........

മി. സ്പീക്കർ : ആവശ്യമില്ലാത്തതൊന്നും പറയണ്ട. ........(ബഹളം)........ ശ്രീ. വി. ശിവൻകുട്ടി, കാര്യങ്ങളിലേക്ക് വരൂ. ........(ബഹളം)........ പറയാനുള്ളത് പറയുക.

ശ്രീ. വി. ശിവൻകുട്ടി: സർ, ആ വാക്കുകൾ ഞാൻ പിൻവലിച്ചു. ............(ബഹളം)........ ഞാൻ പിൻവലിച്ചു.

മി. സ്പീക്കർ : ശ്രീ. ശിവൻകുട്ടി ആ വാക്കുകൾ പിൻവലിച്ചു.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ മന്ത്രിയെ പറഞ്ഞതല്ല. നമ്മുടെ നാട്ടിലെ ഒരു പ്രയോഗമാണ് ഞാൻ പറഞ്ഞത്. ........(ബഹളം)........

മി. സ്പീക്കർ : .....പ്ലീസ്.......പ്ലീസ്......സംസാരത്തിനിടയിൽ ശ്രീ. വി. ശിവൻകുട്ടി പറഞ്ഞതാണ്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അതിൽ പറഞ്ഞിരിക്കുന്നത് വി.ഐ.പി.യെ സ്വീകരിച്ച് ഉപവിഷ്ടരാക്കുന്ന കാര്യത്തിൽ വേണ്ടവിധത്തിൽ ശ്രദ്ധിച്ചില്ലെന്നും സ്കൂൾ ഗേറ്റ് അടഞ്ഞ് കിടന്നതായി കണ്ടു എന്നുമാണ്. ഈ രണ്ട് കാര്യങ്ങൾ നടന്നതുകൊണ്ട് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രിൻസിപ്പാളിന് നോട്ടീസ് കൊടുത്തിരിക്കുന്നു. പ്രധാനപ്പെട്ട ഒരു പോയിന്റ് എന്താണെന്നു വച്ചാൽ 15 ദിവസത്തിനകം നോട്ടീസിന് മറുപടി നൽകണമെന്ന് പറഞ്ഞിട്ട് മൂന്നുദിവസം കഴിഞ്ഞപ്പോൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ക്യാൻസർ രോഗിയായ പ്രിൻസിപ്പലിനെ സ്ഥലംമാറ്റുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഈ സ്ഥലംമാറ്റം റദ്ദ് ചെയ്യണം. മന്ത്രി രാജാവാണോ?

<u>മി. സ്പീക്കർ</u> : പ്ലീസ്.......കൺക്ലൂഡ്....

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, മന്ത്രി രാജാവൊന്നുമല്ല. രാജഭരണമല്ല, ജനാധിപത്യ സമ്പ്രദായമാണ് നമ്മുടേത്. ജനാധിപത്യ സമ്പ്രദായത്തിൽ ചിലപ്പോൾ ഇത്തരം കാര്യങ്ങളൊക്കെയുണ്ടാകും. അതിന്റെ പേരിൽ ഇങ്ങനെ സ്ഥലംമാറ്റിയാൽ എന്തെങ്കിലും നിവർത്തിയുണ്ടോ?

<u>മി. സ്പീക്കർ</u> : പ്ലീസ്.......കൺക്ലൂഡ്....

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അതുകൊണ്ട് ഈ നടപടി.............അങ്ങും ശ്രീ. രമേശ് ചെന്നിത്തലയും പ്രതികരിക്കണം. ഈ സ്ഥലം മാറ്റം റദ്ദ് ചെയ്യുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കണം. ......(ബഹളം)........

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുവിട്ട് സ്പീക്കറുടെ ഡയസിനു മുന്നിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളം വച്ചുകൊണ്ടിരുന്നു).

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയാൻ പോകുകയാണ്. ......(ബഹളം)........ പ്ലീസ്......പ്ലീസ്...... ശ്രീ. വി. ശിവൻകുട്ടി, അങ്ങ് ഒരു വിഷയം അവതരിപ്പിച്ചു. അതിന് മന്ത്രി മറുപടി പറയും. ഇത് ശരിയല്ല. ......(ബഹളം)....... മന്ത്രി മറുപടി പറയട്ടെ. ......(ബഹളം)....... വിഷയം അവതരിപ്പിക്കുക, വന്ന് ബഹളമുണ്ടാക്കുക, മന്ത്രിയെ മറുപടി പറയാൻ അനുവദിക്കാതിരിക്കുക. അത് ശരിയല്ല. .........പ്ലീസ്....... ലീഡർഷിപ്പിലുള്ള ആളുകൾ ഇങ്ങനെ ഗൺ പോയിന്റിൽ മന്ത്രിയെ നിർത്തരുത്. നിങ്ങൾ മന്ത്രിക്ക് മറുപടി പറയാൻ സമയം കൊടുക്കൂ.

(പ്രതിപക്ഷാംഗങ്ങൾ ബഹളം നിർത്തിയതിനുശേഷം അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി)

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. അബ്ദു റബ്ബ്</u>): സർ, ഏറ്റവും നല്ല ഇംഗ്ലീഷ് ക്ലബ്ബിനുള്ള അവാർഡ് വിതരണം നടത്തുന്നതിന് ജില്ലാതല ഇംഗ്ലീഷ് ക്ലബ്ബ് തീരുമാനമെടുത്തു. കോട്ടൺഹിൽ സ്കൂളിന് പ്രസ്തുത അവാർഡ് നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. ഈ വിവരം ഹെഡ്മിസ്ട്രസിനെ അറിയിച്ചപ്പോൾ തുടരെത്തുടരെ ഇത്തരം ഫങ്ഷനുകൾ സ്കൂളിൽ വച്ച് നടത്തുന്നതിന് ഹെഡ്മിസ്ട്രസ് താൽപ്പര്യക്കുറവ് പ്രകടിപ്പി ക്കുകയും പ്രസ്തുത പരിപാടിയുടെ സംഘാടനത്തിൽ ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും ഹെഡ്മിസ്ട്രസ് വീഴ്ച വരുത്തുകയും ചെയ്തു. സമ്മേളനം നടക്കുന്ന ആഡിറ്റോറിയത്തിലെത്തി വി.ഐ.പി. കളെ സ്വീകരിച്ച് ഉപവിഷ്ടരാക്കുന്നതിനുള്ള ശ്രമം ഹെഡ്മിസ്ട്ര സിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. ......(ബഹളം)....... അഡീഷണൽ

ഹെഡ്മിസ്ട്രസ്, സ്റ്റാഫ് സെക്രട്ടറി എന്നിവർ സ്ഥലത്തുണ്ടായിരുന്നതിനാലാണ് ഇക്കാര്യം ശ്രദ്ധിക്കാതിരുന്നതെന്നാണ് ഹെഡ്മിസ്ട്രസ് ബോധിപ്പിച്ചിട്ടുള്ളത്. പരിപാടി നടത്താൻ നിശ്ചയിച്ചിരുന്ന സമയത്ത് ഹെഡ്മിസ്ട്രസ് സ്കൂൾ ആഫീസിൽ മദർ പി.ടി.എ.-യിൽപ്പെട്ട ആളുകളുമായി ചർച്ച നടത്തുകയായിരുന്നു. ഈ സ്ഥലത്തേയ്ക്ക് സെക്യൂരിറ്റി ഗാർഡുകളെക്കൂടി ഹെഡ്മിസ്ട്രസ് വിളിപ്പിച്ചത് സ്കൂൾ ഗേറ്റ് അടഞ്ഞുകിടക്കുന്നതിന് ഇടയാക്കി. ഇതുമൂലം ഉദ്ഘാടകനായ എനിക്ക് വാഹനം ഗേറ്റിന് പുറത്ത് നിർത്തി കാത്തുനിൽക്കേണ്ടിവന്നു. ......(ബഹളം).......

<u>മി. സ്പീക്കർ</u> : പ്ലീസ്......പ്ലീസ്....... അങ്ങനെ പറയരുത്. അദ്ദേഹം സംസ്ഥാനത്തിന്റെ മന്ത്രിയാണ്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, പരിപാടിക്ക് അൽപ്പം വൈകി എത്തിയതിന് ക്ഷമാപണം നടത്തിക്കൊണ്ടാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ പ്രസംഗിച്ചതെങ്കിലും ഹെഡ്മിസ്ട്രസ് തന്റെ ആശംസാ പ്രസംഗത്തിൽ പ്രസ്തുത വിഷയം പർവ്വതീകരിച്ച് മന്ത്രിയെ ഇകഴ്ത്താൻ ശ്രമിച്ചു എന്നത് ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്. ആശംസാപ്രാസംഗിക എന്ന നിലയിൽ ഹെഡ്മിസ്ട്രസിന്റെ പ്രസംഗം 5000-ലധികം പെൺകുട്ടികൾ പഠിക്കുന്ന ഈ മാതൃകാ സ്ഥാപനത്തിന്റെ മേധാവിയിൽ നിന്നും പ്രതീക്ഷിക്കാവുന്നതായിരുന്നില്ല. ഇതുകൂടാതെ സ്കൂൾ റിക്കോർഡുകൾ പരിശോധിച്ചതിൽ സ്കൂളിൽ പൊതുവെയും കുട്ടികളിൽ അച്ചടക്കം നിലനിർത്തിക്കൊണ്ട് ദൈനംദിന കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും ഗുരുതരമായ വീഴ്ചയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയ അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിൽ സ്ഥാപന

ത്തിന്റെ സൽപ്പേര് നിലനിർത്തിക്കൊണ്ടുപോകുന്നതിന് ഹെഡ്മിസ്ട്രസിന്റെ നേതൃത്വം പര്യാപ്തമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. തന്നിലർപ്പിതമായ ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞ് തൻപ്രമാണിത്വത്തോടെയും അഹന്തയോടെയുമുള്ള ഹെഡ്മിസ്ട്രസിന്റെ പ്രവർത്തനം ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും ബുദ്ധിമുട്ടുണ്ടാക്കിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു മാതൃകാ സ്ഥാപനത്തിന്റെ മേധാവിക്ക് നിരക്കാത്ത നിലയിൽ വി.ഐ.പി. കൾ ഉൾപ്പെടെയുള്ളവരെ അവഹേളിക്കുന്ന തരത്തിലുള്ള ഹെഡ്മിസ്ട്രസിന്റെ പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ അവരെ കർശനമായ അച്ചടക്കനടപടിക്ക് വിധേയമാക്കേണ്ടതാണെന്നും ഹെഡ്മിസ്ട്രസ് എന്ന നിലയിൽ തന്നിൽ അർപ്പിതമായ കടമ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ട അവരെ സർവ്വീസിൽ നിന്നും ഉടൻപ്രാബല്യത്തോടെ മാറ്റിനിർത്തേണ്ടതാണെന്നും അന്വേഷണ ഉദ്യോഗസ്ഥ സർക്കാരിന് ശുപാർശ സമർപ്പിക്കുകയുണ്ടായി. ......(ബഹളം)....... ഈ സാഹചര്യത്തിൽ കോട്ടൺഹിൽ സ്കൂൾ ഹെഡ്മിസ്ട്രസിനെ സർവ്വീസിൽ നിന്നും മാറ്റിനിർത്തുന്നതിനുപകരം മാനുഷിക പരിഗണന നൽകി തിരുവനന്തപുരം ജില്ലയിൽത്തന്നെയുള്ള അയിലം ഗവൺമെന്റ് ഹൈസ്കൂളിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുകയാണുണ്ടായത്. ഭരണപരമായ കാരണങ്ങളാൽ നടത്തിയ ഈ മാറ്റം തീർത്തും ക്രമപ്രകാരമാണ്. ......(ബഹളം).......

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുവിട്ട് വീണ്ടും സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അജണ്ടയിലെ അടുത്ത നടപടിയിലേയ്ക്ക് കടന്നു).